# The Prabuddha Keralam.

# പ്രബുദ്ധകേരളം.

വിവേക നിമ്മലാനന്ദ ജ്ഞാനവൈരാഗ്യസിദ്ധിദം
"പ്രബുദ്ധകേരളം" രാമകൃഷ്ണോരക്ഷതു സവ്വദാ

വാല്യം ൧൨ { ൧൧൨൨ ധനു } ലക്കം ൩

R. 1020

ശ്രീ

## ശ്രീരാമകൃഷ്ണോപദേശം.

### ധമ്മത്തെ അധികരിച്ചുള്ള പ്രസംഗം.

ആരെങ്കിലും ഒരാൾ ചിറകും മററു ഉപകരണങ്ങളും പണിപ്പെട്ടു ശേഖരിച്ചു കത്തിച്ച തീയിൽ പലരും വന്നു തീ കായുന്നതുപോലെ, വളരെ കഠിന തപസ്സുകൾ വഴിയായി ഈശ്വരജ്ഞാനം ലഭിച്ചിട്ടുള്ള പുണ്യപുരുഷന്മാരോടു സഹചരിച്ചും അവരുടെ ആദേശങ്ങളെ അനുസരിച്ചും പലരും ഈശ്വരനിൽ മനസ്സുറപ്പിക്കുന്നു.

# ശ്രീരാമകൃഷ്ണദേവന്റെ തിരുവായ്മൊഴി

രണ്ടാം ഭാഗം പത്തൊമ്പതാം ഖണ്ഡം.

## അദ്ധ്യായം ൧.

വായന നടക്കുന്നു. ഈശ്വരദർശനത്തെക്കുറിച്ചുള്ളതാണ് വിഷയം. പ്രഫുല്ല ഇപ്പോൾ "ദേവിചൗധുരാണി"യായിത്തീർന്നിരിക്കുന്നു. ഒരു മേടമാസത്തിലെ ശുക്ലപക്ഷസപ്തമിദിവസം, ദേവിചൗധുരാണി തോണിയിലിരുന്ന് ദിവയുമായി സംഭാഷണം ചെയ്യുന്നു. ചന്ദ്രൻ ഉദിച്ചിരിക്കുന്നു. ഗംഗാവക്ഷസ്സിൽ വള്ളം ചാഞ്ചാടുന്നു. വള്ളത്തിന്റെ തട്ടുപടിയിൽ ചൗധുരാണിയും രണ്ടു തോഴിമാരും ഇരിക്കുന്നു. ഈശ്വരൻ പരോക്ഷനോ, പ്രത്യക്ഷനോ എന്ന വിഷയത്തെപ്പററി വർത്തമാനം നടക്കുന്നു. ചൗധുരാണി പറഞ്ഞു—പൂവിന്റെ ഗന്ധം മൂക്കിനു എപ്രകാരം ഗോചരമോ അപ്രകാരം, ഈശ്വരൻ മനസ്സിനു ഗോചരനാകുന്നു. "ഈശ്വരൻ മനസ്സിനു പ്രത്യക്ഷമായവിഷയമാകുന്നു."

ശ്രീരാമകൃഷ്ണദേവൻ:—ഉവ്വ്! മനസ്സിനു പ്രത്യക്ഷം. അതു ഈ മനസ്സിനല്ല. ശുദ്ധമനസ്സിനാകുന്നു, ഈമനസ്സിനല്ല. വിഷയാസക്തിലേശമെങ്കിലും ഉണ്ടായിരുന്നാൽ പററുകയില്ല. മനസ്സ് എപ്പോൾ ശുദ്ധമാകുന്നുവോ അപ്പോൾ ശുദ്ധമനസ്സ്,—ശുദ്ധാത്മാവ് എന്നു് പറയാം.

മാസ്റ്റർ:—മനസ്സുകൊണ്ടു പ്രത്യക്ഷമാക്കുക അത്ര ക്ഷിപ്രസാദ്ധ്യമല്ലെന്ന സംഗതി, മേൽ പറയുന്നുണ്ട്. ഇതാ പറയുന്നു—"പ്രത്യക്ഷീകരിക്കാൻ ദൂരദർശിനി വേണം. ആ കുഴൽക്കണ്ണാടിക്കു പേര് യോഗം എന്നത്രേ". അനന്തരം ഗീതയിൽ പറഞ്ഞിട്ടുള്ളതുപോലെ, യോഗം മൂന്നു പ്രകാരമെന്നു പറയുന്നു—ജ്ഞാനയോഗം, കർമ്മയോഗം, ഭക്തിയോഗം, ഈ ദൂരവീക്ഷണയന്ത്രത്താൽ ഈശ്വരനെക്കാണുമാറാകും.

ശ്രീരാമകൃഷ്ണദേവൻ:—കൊള്ളാം! വളരെ നന്നു്! ഗീതയിലെയാണ്!

മാസ്റ്റർ:—ഒടുവിൽ ദേവിചൗധുരാണി ഭർത്താവിനെക്കണ്ടുമുട്ടുന്നു. ഭർത്താവിനോടു അപരിമിതമായ ഭക്തി! അവൾ ഭർത്താവിനോടു പറഞ്ഞു—"അങ്ങാണെന്റെ ദേവത. ഞാൻ മററൊരു ദേവതയെ അർച്ചിക്കാൻ അഭ്യസിച്ചുനോക്കി, അർച്ചിക്കാൻ പററുന്നില്ല. അങ്ങു സകലദേവതകളുടെയും സ്ഥാനത്തെ കൈവശപ്പെടുത്തിക്കളഞ്ഞു."

ശ്രീരാമകൃഷ്ണദേവൻ:—(ചിരിച്ചുകൊണ്ട്) "അഭ്യസിച്ചുനോക്കി, പററുന്നില്ല" അല്ലേ. ഇതിനു പേരാണു പതിവ്രതാധർമ്മം എന്ന്. ഇതുകൊണ്ടും ഈശ്വരസാക്ഷാൽക്കാരം ഉണ്ടാകും.

വായന തിന്നു. ഭഗവാൻ ചിരിക്കുന്നു. ഭക്തന്മാർ ഭഗവാൻ ഇനി എന്തു പറയുന്നെന്നു നോക്കണ്ടും പ്രതീക്ഷിക്കുന്നു.

ശ്രീരാമകൃഷ്ണദേവൻ:— (ചിരിച്ചുകൊണ്ട്, കേദാരൻ തുടങ്ങിയ ഭക്തന്മാരോട്) ഇതുംഒന്നോക്കുമ്പോൾ മോശമല്ല. പതിവ്രതാധർമ്മം! പ്രതിമയിൽ ഈശ്വരനെ പൂജിക്കാമെങ്കിൽ ജീവനുള്ള മനുഷ്യനിൽ പാടില്ലയോ? അദ്ദേഹം തന്നെയാണു മനുഷ്യനായും ലീല ചെയ്യുന്നത്.

എന്തെല്ലാം അവസ്ഥകളാണു കഴിഞ്ഞു കൂടിയിരിക്കുന്നതെന്നറിയാമോ? ഹരഗൌരീഭാവത്തിൽ എത്രയോ നാളുകൾ കഴിച്ചു; രാധാകൃഷ്ണഭാവത്തിൽ എത്രയോകഴിച്ചു, സീതാരാമഭാവത്തിലും വളരെനാൾ കഴിച്ചു. രാധാഭാവത്തിൽ കൃഷ്ണ! കൃഷ്ണ! എന്നും, സീതാഭാവത്തിൽ രാമ! രാമ! എന്നും കാലം കഴിച്ചു.

എന്നാൽ ലീലകൾക്കു ഒരവസാനവുമില്ല. ഈ എല്ലാഭാവങ്ങൾക്കും ശേഷം, ഞാൻ അമ്മയോടു ഇപ്രകാരം പറഞ്ഞു —"അമ്മേ! ഇതിലെല്ലാത്തിലും വിച്ഛേദമുണ്ടല്ലോ, വിച്ഛേദമില്ലാത്ത അവിച്ഛിന്നമായ ഒരവസ്ഥയിൽ എന്നെ ആക്കിത്തരേണമേ!" എന്ന്. അതുകൊണ്ടു കുറെക്കാലം "അഖണ്ഡസച്ചിദാനന്ദ"ഭാവത്തിൽ സ്ഥിതിചെയ്തു. ദേവീദേവന്മാരുടെ പടങ്ങളെല്ലാം മുറിയിൽനിന്നും ബഹിഷ്കരിച്ചു.

അദ്ദേഹത്തെ സർവ്വഭൂതങ്ങളിലും ദർശിപ്പാൻതുടങ്ങി. എന്റെ പൂജയും മറവും കടന്നു. ഇതാ ഈ കൂവളം കാണുന്നില്ലേ! ഇതിൽനിന്നും കൂവളത്തില പറിക്കുവാൻ ഞാൻ പതിവായി വരാറുണ്ട്. ഒരു ദിവസം ഇലപറിച്ചപ്പോൾ നാരു കുറെ ഇളകിവന്നു. വൃക്ഷവും ചൈതന്യമയമായിക്കണ്ടു. അതിന്റെ ഞരമ്പു കീറിയതുപോലെ, എനിക്കു വലിയസങ്കടംതോന്നി. കറുക പറിക്കാൻനോക്കി. വേദനയുണ്ടായെങ്കിലോ എന്ന ശങ്കയാൽ പിഴാൻ കഴിഞ്ഞില്ല. എന്നിട്ട്, ചുറവുമുള്ള മണ്ണു കുഴിച്ചു കറുകപിഴുതെടുത്തു.

എനിക്കു ചെറുനാരങ്ങ കണ്ടിക്കാൻ സാധിച്ചില്ല. അന്ന് വളരെ വിഷമിച്ച്, "ജയകാളി! ജയകാളി" എന്നുച്ചരിച്ച് ദേവീസന്നിധിയിൽ ബലിയെന്നപോലെ അർപ്പിച്ചപ്പോൾ നാരങ്ങ മുറിക്കാൻ കഴിവുണ്ടായി. ഒരുദിവസം പൂപറിക്കുവാൻ ചെന്നപ്പോൾ മരത്തിൽ പൂക്കൾ വികസിച്ചുനിൽക്കുന്നതായും, മുന്നിൽ വിരാട്മൂർത്തി സാന്നിദ്ധ്യം ചെയ്യുന്നതായും, അവിടെ പൂജകഴിഞ്ഞിരിക്കുന്നതായും, വിരാട് സ്വരൂപത്തിന്റെ ശിരസ്സിൽ പുഷ്പമാല്യം വിലസുന്നതായും കണ്ടു. അതിനാൽ പൂപറിച്ചില്ല.

അദ്ദേഹം മനുഷ്യനായും ലീലചെയ്യുന്നു. ഞാൻ സാക്ഷാൽ നാരായണനായിക്കാണുന്നു. തടികളുടെ ഉരവുകൊണ്ടു എങ്ങിനെ തീയുണ്ടാകുന്നുവോ അതുപോലെ ഭക്തിയുടെ മൂർദ്ധന്യത്തിലെത്തിയാൽ മനുഷ്യനിൽത്തന്നെ ഈശ്വരദർശനം ഉണ്ടാകും. പ്രേമോന്മാദം ഉണ്ടായാൽ

സർവ്വഭൂതങ്ങളിലും ഈശ്വരസാക്ഷാൽക്കാരം ഉണ്ടാകും. ഗോപിമാർസർവ്വഭൂതങ്ങളിലും ശ്രീകൃഷ്ണനെ ദർശിച്ചിരുന്നു, എല്ലാം കൃഷ്ണമയമായികണ്ടിരുന്നു; ഞാൻ തന്നെയാണ് കൃഷ്ണൻ എന്നു പറഞ്ഞു! അതു് ഉന്മാദാവസ്ഥയായിരുന്നു. വൃക്ഷങ്ങളെക്കണ്ടിട്ട്, ഇവ തപസ്വികളാണെന്നും ശ്രീകൃഷ്ണനെ ധ്യാനിച്ച് തപസ്സുചെയ്കയാണെന്നും പറഞ്ഞു. തൃണങ്ങളെക്കണ്ടിട്ട ശ്രീകൃഷ്ണസ്പർശത്താൽ ഭൂമീദേവി കോരംമയിർ കൊള്ളുകയാണെന്നു പറഞ്ഞു.

പതിവ്രതാധർമ്മം, പതിതന്നെ ദൈവം. എന്തുകൊണ്ടു പാടില്ല? പ്രതിമയിൽ പൂജയാവാമെങ്കിൽ, ജീവനുള്ള മനുഷ്യനിൽ ആയിക്കൂടേ?

പ്രതിമയിൽ ഭഗവാൻെറ ആവിർഭാവം ഉണ്ടാവണമെങ്കിൽ മൂന്നുകൂട്ടം ആവശ്യമുണ്ട്. ഒന്നാമത്ത് പൂജകൻെറ ഭക്തി, രണ്ടാമത്ത് പ്രതിമസുന്ദരമായിരിക്കണം, മൂന്നാമത്ത് ഗൃഹസ്ഥൻെറ (ഉടമസ്ഥൻെറ) ഭക്തി വൈഷ്ണവചരണൻ പറഞ്ഞു—ഒടുവിൽ നരലീലയിൽ തന്നെ മനസ്സുറയ്ക്കും (നരനിൽത്തന്നെ ഭഗവൽപ്രകാശം സാധനാവസാന ദശയിലുണ്ടാകും) എന്ന്.

എന്നാൽ ഒരു കാര്യമുണ്ട്. അദ്ദേഹത്തെ സാക്ഷാൽക്കരിച്ചില്ലെങ്കിൽ ഈവിധം ലീലാദർശനം ഉണ്ടാകയില്ല. ഭഗവത്സാക്ഷാൽക്കാരത്തിൻെറ ലക്ഷണമെന്തെന്നറിയാമോ? ബാലകസ്വഭാവമായിത്തീരുന്നു. എന്തിനുബാലകസ്വഭാവമാകണം? ഈശ്വരൻ സ്വയം ബാലകസ്വരൂപമല്ലേ? അതുകൊണ്ട് അദ്ദേഹത്തെ ദർശിക്കുന്നവരും ബാലകസ്വരൂപമായിത്തീരുന്നു.

ഈ ദർശനം ഉണ്ടാവണം. അദ്ദേഹത്തിൻെറ സാക്ഷാൽക്കാരം എങ്ങനെയുണ്ടാകും? തീവ്രവൈരാഗ്യം വേണം. ഇത്തരത്തിലുള്ള വൈരാഗ്യമാണു ആവശ്യം - "എന്തു്? ജഗൽപിതാവല്ലേ അങ്ങ്? ഞാൻ ഈജഗത്തിനെവിട്ട് മററാര്? എന്നിൽ അങ്ങു ദയവുചെയ്യുകയില്ലേ? തീർച്ചതന്നെയോ? ഞാനും ഒരു കൈനോക്കിക്കളയാം - "ഇമ്മാതിരിയാണു വേണ്ടതു്.

ഒരുവൻ യാതൊന്നിനെ ധ്യാനിക്കുന്നുവോ, അവൻ അതിൻെറ സത്തയെ പ്രാപിക്കും. ശിവപൂജചെയ്താൽ ശിവൻെറ സത്തലഭിക്കും. ഒരുവൻ ശ്രീരാമൻെറ ഭക്തനാണെന്നിരിക്കട്ടെ; താൻ രാവും പകലും ഹനുമാനെ ചിന്തിക്കുന്നുവെന്നു വിചാരിക്കുക, താൻ ഹനുമാനായിക്കഴിഞ്ഞുവെന്നു വിചാരിച്ചാൽമതി. ഈദൃഢവിശ്വാസമുണ്ടായാൽ ഒടുവിൽ അവനു ഒരു വാലും കിളിച്ചുകഴിയും.

ശിവഅംശത്തിൽ ജ്ഞാനമുണ്ടാകും. വിഷ്ണുഅംശത്തിൽ ഭക്തിയുണ്ടാകും. യാതൊരുവർ ശിവാംശമോ അവർ ജ്ഞാനികളും യാതൊരുവർ വിഷ്ണ്വംശമോ അവർ ഭക്തസ്വഭാവികളും ആയിരിക്കും.

മാസ്റ്റർ: ചൈതന്യദേവനോ? അദ്ദേഹത്തെപ്പററി അവിടുന്നു പറഞ്ഞിട്ടുണ്ടല്ലോ, ജ്ഞാനവും ഭക്തിയും രണ്ടും ഉണ്ടായിരുന്നുവെന്ന്,

ശ്രീരാമകൃഷ്ണദേവൻ:—(അല്പം നിരസമായി) അദ്ദേഹത്തിൻെറ കാൎയ്യം വേറേ. അദ്ദേഹം ഈശ്വരൻെറ അവതാരം. അദ്ദേഹവും വെറും ജീവികളുമായി അത്യന്തം വ്യത്യസ്തമാണ്. അദ്ദേഹത്തിൻെറ വൈരാഗ്യം എത്രമാത്രമായിരുന്നുവെന്നു കാണുന്നില്ലേ! സാൎവ്വഭൗമ പണ്ഡിതൻ ചൈതന്യദേവൻെറ നാക്കിൽ പഞ്ചസാരയിട്ടു; നാക്കിൽ തങ്ങിനിന്ന പഞ്ചസാരയെ ഊതിപ്പറത്തുകയാണു ചെയ്തതു്, ലേശവും അലിഞ്ഞില്ല. സൎവ്വനേരവും സമാധിസ്ഥിച്ചായിരുന്നു! എത്രമാത്രം കാമത്തെ ജയിച്ചുവെന്നു നോക്കൂ? ജീവികളുമായിട്ടു അദ്ദേഹത്തെ തുല്യപ്പെടുത്തുകയോ? സിംഹം പന്ത്രണ്ടുകൊല്ലത്തിലൊരിക്കൽ ഇണ കൂടുന്നു, എന്നാൽ മാംസമാണാഹാരം. മാടകപ്പക്ഷി ചരൽക്കല്ലുകളെക്കൊത്തിതിന്നുന്നു, എന്നാലോ രാപ്പകലില്ലാതെ ഇണ ചേരുന്നു. ഇതുപോലെയാണു അവതാരത്തിനും ജീവിക്കും ഉള്ള ഭേദം. ജീവികൾ കാമത്തെ വൎജ്ജിക്കുന്നു, എങ്കിലും ഒരിക്കലല്ലെങ്കിലൊരിക്കൽ ഇതു പററിപ്പോകുന്നു, ദമനം ചെയ്വാൻ സാധിക്കുന്നില്ല. (മാസ്റ്ററോടു്) എന്തിനു ലജ്ജിക്കുന്നു നീ? ലജ്ജയുള്ളവൻ വെറും കൃമിയാണ്. ലജ്ജ, വെറുപ്പ്, ഭയം ഇതു മൂന്നും പാടില്ല. ഇതൊക്കെ പാശങ്ങളാണ്. അഷ്ടപാശങ്ങളില്ലേ?.

നിത്യസിദ്ധനായുള്ളവന് സംസാരത്തിൽ ഭയമെന്തു്? നിത്യസിദ്ധന് മനസ്സുണ്ടായാൽ സംസാരത്തിലും ഇരിക്കാം. ചിലർ രണ്ടുവാളെടുത്തു വീശിക്കളിക്കുന്നില്ലേ? അവരുടെ വാൾമുനയിൽ പാറക്കല്ലുകൊണ്ടാലും തെറിച്ചുപോകയേയുള്ളു.

ഒരു ഭക്തൻ.—ഭഗവൻ! ഏതവസ്ഥയിലാണു ഈശ്വരദർശനം ലഭിക്കുന്നതു്?.

ശ്രീരാമകൃഷ്ണദേവൻ:—മനസ്സാകപ്പാടെ ഏകാഗ്രതയിൽ കൊണ്ടുവന്നില്ലെങ്കിൽ എന്തുഫലം? ഭാഗവതത്തിൽ ശുകദേവൻെറ കഥ പറയുന്നില്ലേ?—വഴിയിൽ നടക്കുന്നു, തോക്കിലെ ഉണ്ടയുടെ പോക്കുപോലെ! ഒരെടത്തും ദൃഷ്ടിയില്ല; ഏക ലക്ഷ്യം! കേവലം ഭഗവാനിൽ ദൃഷ്ടി! ഇതിൻെറ പേരാണു യോഗം.

വേഴാമ്പൽ മേഘത്തിലെ ജലമേ കുടിക്കുകയൊള്ളൂ. ഗംഗാ, യമുനാ തുടങ്ങിയ എത്രയെത്ര നദികൾ നിറഞ്ഞു് ഒഴുകട്ടെ, സപ്തസമുദ്രങ്ങളും നിറഞ്ഞു തുളുമ്പട്ടെ; എന്നാലും ചാതകം ആ ജലം കുടിക്കയില്ല. വൎഷജലം പതിച്ചുവോ, എങ്കിൽ കുടിക്കും.

ആൎക്കു ഈവിധം യോഗമുണ്ടോ അവൎക്കു ഈശ്വരദർശനം ലഭിക്കും. നാടകക്കൊട്ടകയിൽ ചെന്നാൽ മുഖപ്പടുതാ ഉയരുന്നതുവരെ ആളുകൾ കൂട്ടംകൂടി പല പല വൎത്തമാനങ്ങൾ സംസാരിച്ചുകൊണ്ടിരിക്കും—വീട്ടുകാൎയ്യം, കച്ചേരികാൎയ്യം, പള്ളിക്കൂടവൎത്തമാനം മുതലായതൊക്കെ. മുഖപ്പടുതയുയൎന്നാൽ തൽക്ഷണം വൎത്തമാനങ്ങളൊക്കെ നിന്നു. എന്തു നാടകം കളിക്കുന്നുവോ അതിൽ മാത്രം ഏക ദൃഷ്ടിയിൽ

നോക്കുന്നു. വല്ലപ്പോഴും ഒന്നോ മറ്റോ വർത്തമാനങ്ങൾ കേൾക്കുന്നുവെങ്കിൽ അതു ആ നാടകക്കാര്യമായിരിക്കും.

കുടിയൻ കുടി കഴിഞ്ഞാൽ ആനന്ദത്തെപ്പററിയുള്ള വർത്തമാനം മാത്രമേയുള്ളൂ.

അദ്ധ്യായം ൪.

നൃത്യഗോപാലൻ മുൻവശത്തു ഇരിക്കുന്നുണ്ട്. സർവ്വദാ ഭാവസ്ഥൻ! വർത്തമാനമില്ല.

ശ്രീരാമകൃഷ്ണദേവൻ:—(ചിരിച്ചുകൊണ്ട്)ഗോപാൽ! നീയെന്താ മിണ്ടാതിരിക്കുന്നതു്?

നൃത്യ:—(ബാലകനെപ്പോലെ) എനിക്ക്—അറിഞ്ഞു—കൂടാ.

ശ്രീരാമകൃഷ്ണദേവൻ:—"മനസ്സിലായി. പറയു വല്ലതും വർത്തമാനം. പാപം വരുമെന്നു ശങ്കിച്ചിട്ടായിരിക്കാം".

"ശരി! ജയനും വിജയനും ശ്രീനാരായണന്റെ ദ്വാരപാലന്മാരായിരുന്നു. സനകസനന്ദാദിമഹർഷിമാരെ അകത്തു പോകരുതെന്നു തടഞ്ഞു. ആ കുററത്തിനു മൂന്നു പ്രാവശ്യം ഭൂലോകത്തിൽ ജനിക്കേണ്ടിവന്നു".

"ശ്രീദാമൻ ഗോലോകത്തിൽവിരജയുടെ ദ്വാരപാലകനായിരുന്നു. ശ്രീമതി, കൃഷ്ണനെ വിരജയുടെ വീട്ടിൽ വെച്ചു പിടി കൂടണമെന്നു കരുതി അവിടെ വന്നു, അകത്തു പോകണമെന്നാവശ്യപ്പെട്ടു, ശ്രീദാമൻ കടത്തി വിട്ടില്ല. അതുകൊണ്ട് ശ്രീമതി "നീ രാക്ഷസനായി ജനിക്ക്" എന്നു ശപിച്ചു. ശ്രീദാമനും അങ്ങോട്ടു ശപിച്ചു" (എല്ലാവരും അല്പം ചിരിക്കുന്നു)

"എന്നാൽ ഒരു കാര്യമാണ്. കുട്ടി അച്ഛന്റെ കൈക്കു പിടിച്ചു വരമ്പിൽ നടന്നാൽ പക്ഷെ കാലുതെററി വീഴാനും മതി; എന്നാൽ അച്ഛൻ കൈക്കു പിടിച്ചിരുന്നാൽ അവനു പേടിക്കണോ?".

"ശ്രീദാമന്റെ കഥ ബ്രഹ്മവൈവർത്ത പുരാണത്തിലുണ്ട്".

കേദാരചട്ടോപാദ്ധ്യായൻ ഇപ്പോൾ ഡാക്കായിലാണ്. സർക്കാരുദ്യോഗമുണ്ട്. മുൻപേ കൽക്കട്ടയായിരുന്നുജോലിസ്ഥലം. ഇപ്പോൾ ഡാക്കായാണ്. അയാൾ ഭഗവാന്റെ പരമഭക്തനാണ്. ഡാക്കായിൽ അനേകം ഭക്തന്മാർ കേദാരനെ കാണ്മാൻവരുന്നുണ്ട്. ആ ഭക്തന്മാരെല്ലാം കേദാരന്റെ അടുക്കൽ മിക്കവാറും സമയം വരികയും ഉപദേശം വാങ്ങുകയും ചെയ്യുന്നു. വെറും കൈയായി ഭക്തന്മാരെക്കാണാൻ ചെല്ലരുതെന്നില്ലേ? അതിനാൽ മിക്കവരും വല്ലമധുരപലഹാരങ്ങളോ മററോ കൊണ്ടുചെന്നു കേദാരന് കാഴ്ച വെക്കാറുണ്ട്.

കേദാരൻ:—(അതിവിനീതമായി) അവർ കൊണ്ടുവരുന്നതു ഭക്ഷിക്കാമോ ?.

ശ്രീരാമകൃഷ്ണദേവൻ: -- ഈശ്വരനിൽ ഭക്തിയോടുകൂടിത്തരുന്നുവെങ്കിൽ തരക്കേടില്ല. അഭിലാഷത്തോടുകൂടിയാണു തരുന്നതെങ്കിൽ അതു ഭക്ഷിക്കുക നന്നല്ല.

കേദാരൻ:—ഞാൻ അവരോടു പറയാറുണ്ട്. -- എനിക്കൊന്നും അറിഞ്ഞുകൂടാ യാതൊരാൾ എന്നിൽ കൃപചെയ്തിരിക്കുന്നുവോ അദ്ദേഹത്തിനു സകലവും അറിയാം-- എന്ന്.

ശ്രീരാമകൃഷ്ണദേവൻ:—അതു വാസ്തവം. ഇവിടെ എല്ലാത്തരക്കാരും വരുന്നുണ്ട്, അതുകൊണ്ടു എല്ലാത്തരം ഭാവവും ഉണ്ടു.

കേദാരൻ:—എനിക്കു നാനാവിഷയങ്ങളെക്കുറിച്ചും അറിയേണ്ടയാവശ്യമില്ല.

ശ്രീരാമകൃഷ്ണദേവൻ:— (ചിരിച്ചുംകൊണ്ട്) "അങ്ങനെയല്ല. എല്ലാം കുറെശ്ശെ വേണം. പലവെഞ്ജനക്കടയിട്ടാൽ സകലത്തും വെച്ചുകൊള്ളണം—കുറെപരിപ്പ്, കുറെഉപ്പ്, കുറെപുളി എല്ലാം വേണം".

"ഒരു സംഗീതാദ്ധ്യാപകനെങ്കിൽ എല്ലാ വാദ്യവിശേഷങ്ങളും അല്പാല്പം വശംവേണം".

ഭഗവാൻ കാററാടിച്ചുവട്ടിലേക്കു പോകുന്നു, നിർഹാരാൎത്ഥം. ഒരു ഭക്തൻ ഒരു കിണ്ടിയിൽ വെള്ളമെടുത്തു അവിടെക്കൊണ്ടുവെച്ചിട്ടു പോന്നു.

ഭക്തന്മാർ അങ്ങുമിങ്ങും ചുററിനടക്കുന്നു—ചിലർ ഭഗവാന്റെ മുറിയിലേക്കു പോയി. ചിലർ തിരിയെ പഞ്ചവടീതലത്തിലേക്കു വന്നുകൊണ്ടിരിക്കുന്നു. ഭഗവാൻ അവിടെ വന്നിട്ടു പറയുന്നു:—"രണ്ടു മൂന്നുനേരം വെളിക്കിറങ്ങിക്കഴിഞ്ഞു, മല്ലികന്റെ വീട്ടിലെ ആഹാരമാണ്; ഘോരസാംസാരികൻ! അതു വയററിന്നു തകരാറാക്കി.

ഭഗവാന്റെ വെററിലച്ചെല്ലം പഞ്ചവടിത്തറയിൽ ഇരിക്കയാണ്. വേറെയും ഒന്നു രണ്ടു സാമാനങ്ങളുണ്ട്.

ശ്രീരാമകൃഷ്ണദേവൻ:—(മാസ്റ്ററോട്) "ഇതാ ചെല്ലവും മററു സാമാനങ്ങളും എടുത്തുകൊണ്ടു മുറിയിലേക്കു പോരിക!"

സമാധിസ്ഥനായ പുരുഷൻ ഇപ്രകാരം വെററച്ചെല്ലത്തെ ഓൎമ്മിപ്പിച്ചുംകൊണ്ട് തന്റെ മുറിയിലേക്കു നടന്നുതുടങ്ങി. ഭക്തന്മാർ പുറകെ നടക്കുന്നു. ഒരാളുടെ കൈയിൽ വെററച്ചെല്ലം, ഒരാളുടെ കൈയിൽ കിണ്ടി, മുതലായവയുണ്ട്.

ഭഗവാൻ ഉച്ചതിരിഞ്ഞു കുറെ വിശ്രമിക്കുന്നു. മൂന്നുനാലു ഭക്തന്മാർ വന്നുചേൎന്നു. ഭഗവാൻ ചെറുകട്ടിലിൽ തലയണയിൽ ചാരി ഇരിക്കുകയാണ്. ഒരു ഭക്തൻ ചോദിച്ചു:—

"ജ്ഞാനംകൊണ്ട് ഈശ്വരന്റെ (Attributes) ഗുണങ്ങളെ അറിവാൻ കഴിയുമോ?".

ശ്രീരാമകൃഷ്ണദേവൻ:—"അതു ഈ ജ്ഞാനംകൊണ്ടല്ല, അത്ര പെട്ടന്നു അദ്ദേഹത്തെ അറിയാമോ? സാധനചെയ്യണം. ഏതെങ്കിലും ഒരു ഭാവത്തെ ആശ്രയിക്കണം. ദാസഭാവം മുതലായി പല ഭാവങ്ങളില്ലേ? ഋഷികൾക്കു ശാന്തഭാവമായിരുന്നു. ജ്ഞാനികളുടെ ഭാവം എന്തെന്നറിയാമോ? സ്വസ്വരൂപത്തെ ചിന്ത ചെയ്യുകയാണു്. (ഒരു ഭക്തനോടായിട്ടു്, ചിരിച്ചുംകൊണ്ടു്) നിനക്കേതാണു്?" ഭക്തൻ മിണ്ടാതെയിരിക്കുന്നു.

ശ്രീരാമകൃഷ്ണദേവൻ:—(ചിരിച്ചുംകൊണ്ടു്) നിനക്കു് രണ്ടു് ഭാവമുണ്ടു്—സ്വസ്വരൂപത്തെ ചിന്തിക്കയും ഉണ്ടു്, സേവ്യസേവകഭാവവും ഉണ്ടു്. എന്തു്? ശരിയല്ലേ?

ഭക്തൻ:—(ചിരിച്ചുംകൊണ്ടു് സങ്കോചത്തോടെ) ഉവ്വ്! അങ്ങനെതന്നെ.

ശ്രീരാമകൃഷ്ണദേവൻ:—(ചിരിച്ചുകൊണ്ടു്) ഇതാണു് ഹാസ്രാ എന്നോടു്, അങ്ങേക്കു ഒരുവന്റെ ഉള്ളിലെ ഭാവമൊക്കെയറിയാൻ കഴിയുമെന്നു പറയാറുള്ളതു്. ആ ഭാവം കുറെ കടന്നു പോയാൽ കിട്ടും. പ്രഹ്ളാദനു് ഉണ്ടായിരുന്നു. ആ ഭാവം സാധന ചെയ്യണമെങ്കിൽ കുറെ പണിപ്പെടണം.

ഒരാളുടെ കൈയിൽ ഇലന്തമുള്ളു് ബലമായിക്കൊണ്ടുകേറി; കൈയിൽനിന്നും രക്തം ചാടുന്നു; എന്നാൽ ചോദിച്ചപ്പോൾ പറഞ്ഞതു്—"ഓ! സാരമില്ല! സാരമില്ല!" എന്നാണു്. വെറുതെ വാക്കുകൊണ്ടു പറഞ്ഞാൽ മാത്രമായോ? ഭാവം സാധനചെയ്തു് അനുഭവം വരുത്തുകയാണു വേണ്ടതു്.

ഭക്തന്മാർ ഭഗവാന്റെ സംഭാഷണാമൃതം ആസ്വദിച്ചുകൊണ്ടിരിക്കുന്നു.

---

## ശിവസ്വരൂപം.

---

ബ്രഹ്മാവും വിഷ്ണുവുംകൂടെ പണ്ടൊരിക്കൽ തങ്ങളുടെ മേന്മയെക്കുറിച്ചു തമ്മിൽ വാദിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടന്നു അവരുടെ മുമ്പിൽ അത്ഭുതാകാരമായി ഒരു തേജസ്സു ആവിർഭവിച്ചു എന്നും അതിന്റെ യാഥാർത്ഥ്യം അറിയാനായി വിചിത്രവേഷം ധരിച്ചു് ഒരാൾ മേലോട്ടും മറ്റെയാൾ കീഴോട്ടും അനവധി സംവത്സരം അന്വേഷണം ചെയ്തു എന്നും ഒടുവിൽ ഒരു തുമ്പും കിട്ടാതെ ഭഗ്നാശയന്മാരായി മടങ്ങിപ്പോരേണ്ടിവന്നു എന്നും പുരാണം പറയുന്നു.

അതെ; ശിവന്റെ യഥാൎത്ഥസ്വരൂപം അറിയുന്നതു വളരെ വിഷമം തന്നെ. ഭിന്നകാലങ്ങളിലും ഭിന്നപ്രദേശങ്ങളിലും ഉണ്ടായിട്ടുള്ള ആചാരങ്ങളും വിശ്വാസങ്ങളും ദൎശനങ്ങളും സമ്മേളിച്ചു വളൎന്നിട്ടുള്ള വയാകുന്നു പുരാണത്തിലെ കല്പനകളിൽ അധികവും. ഓരോരോ കാലഘട്ടങ്ങളിൽ ഭാരതഭൂമിയിൽ ഉണ്ടായിട്ടുള്ള ആവശ്യത്തിന്നനുസരിച്ചു പലതിനേയും ഉൾക്കൊണ്ടു് വികസിച്ചു്, പുഷ്ടിപ്പെട്ടു്, മഹിമയേറിയ മഹാദേവനും ഹിമവത്സേതുപൎയ്യന്തം ഭാസുരനായി ശോഭിക്കുന്നു.

സ്ഥൂലമായി നോക്കുന്നപക്ഷം, ഭാരതഭൂമിയേയും ആൎയ്യജനതയേയും സമഗ്രമായി ലക്ഷീകരിക്കുന്നതായിട്ടു് ശിവകല്പനയെപ്പോലെ മറെറാന്നുണ്ടോ എന്നു സംശയമാണു്. ഉന്നതവും പരിശുദ്ധവും ആയ ഒരു പദവിയിൽ ഭൂമിയുടെ മകുടമായി സ്ഥിതിചെയ്തുംകൊണ്ടു്, ഹിമാചലപങ്ക്തി ഭാരതഭൂമിയെ ഒന്നാകെ മന്ദമായി വീക്ഷിക്കുന്നു. ആ ഭാരതമൂൎത്തി നിത്യവും നൎത്തനം ചെയ്യുന്ന ഹിമാവൃതമായ വെള്ളിമലതന്നെ കൈലാസം. അവിഗ്രഹത്തിന്റെ മൌലിയിൽ ഹിമാംശു ഉദിച്ചുയരുകയു, നിബിഡങ്ങളായ വനവിടപികളാൽ നിബിഡമായിരിക്കുന്ന വിസ്തൃതജടാപടലത്തിൽനിന്നു പരിപാവനിയായ ഗംഗാദേവി സമതലങ്ങളിലേക്കു പതിക്കയും ചെയ്യുന്നു. പൎവ്വതരൂപിയായ ഭഗവാന്റെ ഘോരസൎപ്പങ്ങൾ ആഭരണങ്ങളായിട്ടു ഇരിക്കും; മൃഗചൎമ്മമായിരിക്കും ഉടയാടയുടെ സാധാരണ കിട്ടുന്നതും. പൎവ്വതവാസിയായ ദേവൻ പൎവ്വതപുത്രിയെ വിവാഹം ചെയ്യുന്നതും സ്വാഭാവികം തന്നെ. കുടുംബിനിയോടുകൂടെ ആന, [illegible] മുതലായ കാട്ടുമൃഗങ്ങളുമായി കളിച്ചു നടക്കാനും പന്നി മുതലായ ദുഷ്ടജന്തുക്കളെ വേട്ടയാടാനും അവിഗ്രഹത്തിനു വളരെ ഉത്സാഹമായിരിക്കും. പവിത്രപ്രണയബദ്ധരായ ഉത്തമദമ്പതികൾക്കു മാതൃകയായി ആ ജഗത്പിതാക്കൾ എന്നെന്നും വാണരുളുന്നു.

നദീജലസിക്തമായി ഫലവത്തായ ഭൂമിയിൽ ശാന്തമായും സൌമ്യമായും കൃഷികൃത്തിയിൽ ഏൎപ്പെട്ടിരുന്ന ആൎയ്യപുരാതനന്മാരുടെ ദേവൻ കൃഷിപ്രവൃത്തിയോടു ബന്ധപ്പെട്ടിരുന്നു എന്നുള്ളതു എത്രയും സംഗതംതന്നെ. കൃഷിക്കുള്ള സാധനസാമഗ്രികൾ ആ ദേവനു സഹായകമായും ഭവിക്കും. ഇപ്രകാരമാകുന്നു കാളവാഹനമായും, നന്ദി, ഭൃംഗി മുതലായവർ പാൎഷദന്മാരായും തീൎന്നതു്. വംഗസാഹിത്യത്തിന്റെ ആദിഘട്ടത്തിലെ ഗാനങ്ങളിൽ അധികവും, പിൽക്കാലത്തു രാമേശ്വരൻ കവിചന്ദ്രൻ തുടങ്ങിയവരുടെ ശിവായനഗാനങ്ങൾ എല്ലാം തന്നെയും കൃഷിക്കാർ, തങ്ങളോടൊപ്പം കരിയും നുകവും കൊണ്ടു പാടങ്ങളിൽവന്നു് ഉഴവിൽ സഹായിക്കാനും അതിവൃഷ്ടി അനാവൃഷ്ടി മുതലായ ഈതിബാധകൾ ഉണ്ടാവാതെ രക്ഷിക്കാനും ശിവനോടു ചെയ്യുന്ന പ്രാൎത്ഥനകളായികാണുന്നു *

* History of Bengali Language and Literature by Dinesh Chandra Sen.

ഈ സ്ഥൂലസങ്കല്പത്തെക്കാൾ ചരിത്രപണ്ഡിതന്മാർ കൂടുതൽ ആദരിക്കുന്നതു് ആഗമികകല്പനയാകുന്നു. ആദികാലത്തു രുദ്രൻ എന്നല്ലാതെ ശിവൻ എന്ന സങ്കല്പമില്ല. ഋഗ്വേദത്തിൽ ശിവൻ എന്ന പദംപോലും കാണുന്നില്ല. ക്രൂരസ്വഭാവിയായ രുദ്രൻ സകലജീവജാലങ്ങളേയും സംഹരിച്ചുകൊണ്ടു മുന്നോട്ടടുക്കുമ്പോൾ ദേവന്മാരെല്ലാം ഭയപ്പെട്ടു വിറയ്ക്കുന്നു. രക്തവർണ്ണനായി ചതുർബാഹുവായി, ശൂലം പിനാകം ആദിയായ ഭയങ്കരങ്ങളായ ആയുധങ്ങളും വഹിച്ചു്, ഉഗ്രനായ രുദ്രൻ പർവതങ്ങളിൽ വസിക്കയും, ലോകം ഞെട്ടുമാറു അട്ടഹസിക്കയും കാട്ടുപന്നിയെപ്പോലെ പാറകളേയും പർവതശിഖരങ്ങളേയും പിളർക്കയും ചെയ്യുന്നു. മരുത്തുക്കൾ എന്ന യുദ്ധയോദ്ധാക്കളുടെ പിതാവായ രുദ്രൻ മേഘനിർഘോഷത്തോടിടകലർന്ന കൊടുങ്കാററിനേയും, നിത്യയുക്തയായി ഹൈമവതിയായ രോദസി എന്ന സഹചാരിണി സൌദാമിനിയേയും ലക്ഷീകരിക്കുന്നു എന്നത്രെ പാശ്ചാത്യപണ്ഡിതന്മാരുടെ അഭിപ്രായം. * തന്റെ ഭക്തന്മാരെ നീരോഗന്മാരാക്കുന്ന ഒരു ഉത്തമ ചികിത്സകനായി രുദ്രനെ ചില ഋക്കുകളിൽ വർണ്ണിച്ചിരിക്കുന്നതു്, ഉഷ്ണപ്രദേശങ്ങളിൽ മഴയ്ക്കുള്ള സ്വംശുദ്ധീകരണശക്തിയെക്കുറിച്ചും ആണത്രെ.

യജുർവേദകാലമായപ്പോഴേക്ക യാഗത്തിനു പ്രാധാന്യം സിദ്ധിച്ചു. സകലകല്യാണഗുണോപേതവും അപവർഗ്ഗപ്രദവും ആയ യാഗം തന്നെ മൂർത്തിമത്തായ മംഗളമായി, ശിവമയനായി, ശിവനായിത്തീർന്നു. ശിവൻ എന്ന പദം ആദ്യമായിക്കാണുന്നതും യജുർവേദത്തിലാകുന്നു ‡ സർവകന്മഷങ്ങളേയും ഹരിച്ചു്, ശാരീരികമായും മാനസികമായും ഉള്ള പരിശുദ്ധിനല്കുന്ന യാഗാഗ്നി എല്ലാ ഉത്തമ ആര്യകുടുംബത്തിലേയും അംശം, എന്നല്ല, പ്രധാനാംഗം തന്നെ ആയിത്തീർന്ന അക്കാലത്തു ശിവനും ആരാധ്യനായി ഭവിച്ചതിൽ ആശ്ചര്യപ്പെടാനില്ലല്ലൊ. മിത്രൻ, വരുണൻ; വായു, ഇന്ദ്രൻ; അഗ്നി, സോമൻ; എന്നു തുടങ്ങി ആകാശഗതമായും അന്തരിക്ഷഗതമായും പൃഥിവീഗതമായുമുള്ള സകലദേവന്മാരേയും ഒന്നുപോലെ തർപ്പണംചെയ്യാവുന്ന യാഗത്തിനുതന്നെയല്ലേ മഹാദേവന്റെ പദവി ലഭിക്കേണ്ടതു്? അനേകം നാഴിക, എന്നല്ല, യാമങ്ങളും ദിവസങ്ങളും ഒരേനിലയിൽ ആജ്യാഹുതിയാൽ പ്രീതിപ്പെട്ടു കത്തിജ്വലിച്ചുകൊണ്ടിരുന്ന യാഗാഗ്നി തേജോരൂപനായ ദേവതയാവാതിരിപ്പാൻ വഴിയില്ലല്ലൊ. ഉയർന്ന ശിഖകളോടെ ജ്വലിക്കുന്ന ആ തേജസ്സ്ഥൂണത്തിന്റെ (എന്നു മാത്രമല്ല ഏതുദീപത്തിന്റേയും) കണ്ഠപ്രദേശത്തു സൂക്ഷിച്ചുനോക്കിയാൽ കാണാവുന്ന നീലജ്വാലകളും അതിനു പരിസരത്തിലുണ്ടു ചുരുളുകളായി പരന്നുചയിക്കുന്ന ധൂമസ്തോമവും, ക

* Contribution to the Science of Mythology. Vol II. by Max Muller.

‡ Vedic Mythology by A. A. Macdonell.

ത്തി അടങ്ങിക്കഴിയുമ്പോൾ യാഗകുണ്ഡം നിറഞ്ഞുകിടക്കുന്ന ശുദ്ധവും ശുഭ്രവും മൃദുവുമായ ഭസ്മവുംകൂടെച്ചേൎന്നപ്പോൾ ശിവൻ നീലകണ്ഠനും ജടാധാരിയും ഭസ്മാവച്ഛിന്നനും ആയി പരിണമിച്ചു.

ഇങ്ങനെ അംഗിയായ കല്പന സഞ്ജാതമായതോടുകൂടി അംഗകല്പനകളെല്ലാം എളുപ്പമായി. യാഗത്തിന്നു അവശ്യം വേണ്ട ഉപകരണങ്ങളെല്ലാം ശിവന്റെ ആയുധങ്ങളായി. യജമാനനും സഹധൎമ്മിണിയും യാഗസ്വരൂപത്തോടുചേൎന്ന്, പിരിയാത്ത ശിവശക്തികളുമായി. യാഗത്തിന്റെ അപരിഹാൎയ്യാംഗമായ സോമലതയുടെ വെളുത്ത ചാറ് പാലുംകൂടെച്ചേൎന്നു വെണ്മയോടെ ശോഭിച്ചതിനെ ചന്ദ്രനോടു സദൃശമാക്കിക്കല്പിക്കയും, കാലക്രമത്തിൽ ചന്ദ്രനുതന്നെ സോമൻ * എന്ന പേരും കൊടുത്തു ശിവന്റെ അലങ്കാരമാക്കി ശിരസ്സിൽ സ്ഥാപിക്കയുംചെയ്തു. അതിപ്രധാനമായ ഈ സോമലത ആഡംബരത്തോടെ ഘോഷയാത്രയായി ദൂരദിക്കുകളിൽനിന്നു കൊണ്ടുവരുന്നതിന് ഉപയോഗിച്ചിരുന്ന കാളയെ ശിവന്റെ വാഹനമായുംനൽകി. യജ്ഞപശുക്കളെ വിധിപോലെ അവദാനംചെയ്യാൻ ഒരുക്കിക്കെട്ടുന്ന തൂണ്, അല്ലെങ്കിൽ സ്ഥാണു ശിവലിംഗം, അതായതു ശിവന്റെ സ്മാരകമായ പ്രതീകം ആയിട്ടു ക്രമേണ അംഗീകൃതമായും ഭവിച്ചു. പുരുഷചിഹ്നത്തെ ആരാധിക്കുന്ന അപരിഷ്കൃതന്മാരാണ് ഭാരതീയർ എന്നാക്ഷേപിക്കുന്ന പാശ്ചാത്യരുടെ അപലാപകാരമായ അജ്ഞതയെയും അന്തൎഭാവക്കുറവിനേയും കുറിച്ചു സഹതപിക്കേണ്ടതും, അവരുടെ മേപോളിനും (Maypole) ഇതുപോലെ ദുർവ്യാഖ്യാനംചെയ്യാവുന്നതാണെന്നു പ്രതിവചിക്കേണ്ടതും ആകുന്നു.

ശിവൻ വളൎന്നു. സൎവംഗ്രാസിയായ ഹിന്ദുസംസ്കാരം എതിൎത്തുവന്ന ബുദ്ധമതശിശുവിനെക്കൂടെ വിസ്തൃതമായ ചിറകുകൾക്കുള്ളിൽ ഒതുക്കിക്കൊണ്ടു ഉയരുകതന്നെ ചെയ്തു. ഇരുപത്തഞ്ചുശതാബ്ദങ്ങളെക്കൊണ്ടും നിഷ്പ്രഭമാകാതെ, മനുഷ്യൎക്കും മൃഗങ്ങൾക്കും "പുൽകൾക്കും പുഴുക്കൾക്കും" തണലും തണുപ്പും കൊടുക്കുന്ന അതിവിശാലമായ ജീവകാരുണ്യം ബോധിസത്വനായി ശരീരം സ്വീകരിച്ചു, സുരസയെപ്പോലെ മുപ്പത്തിമുക്കോടി വൈദികദേവന്മാരേയും ഒന്നോടെ വിഴുങ്ങാൻ വാപിളൎന്നപ്പോൾ, ദേവാധിദേവനായ സാക്ഷാൽ മഹാദേവൻ ഹനുമാനെപ്പോലെ വിപുലതരനായി വളൎന്നു, ദേവരക്ഷ സാധിച്ചു. ശ്രീബുദ്ധൻ മാരനെ ജയിച്ചു എങ്കിൽ പരമശിവൻ കാമദേവനെ നശിപ്പിച്ചു. സിദ്ധാൎത്ഥൻ ലോകസംഗ്രഹത്തിനായി കഷ്ടപ്പെട്ടു എങ്കിൽ, പശുപതി ജീവദുഃഖാസഹിഷ്ണുവായി കാളകൂടം സേവിച്ചു. ഒരാൾ ശ്വേതാംബരനാണെങ്കിൽ മറ്റെയാൾ ദിഗംബരനാണ്. കപിലവസ്തുവിലെ രാജകുമാരൻ രാജപദവിയും സുഖങ്ങളും

* History of Sanskrit Literature by Macdonell.

വെടിഞ്ഞു സാധുക്കളായ സാധാരണ ജനങ്ങളുമായി സഹവസിച്ചു എങ്കിൽ നിധിപതിയായ കുബേരൻ ഭജനാക്കരനായി, ശുഭ്രമായ കൈലാസപ്രാസാദത്തിൽ ഉത്സാഹ നൃത്തം വെക്കുന്ന ഗിരിശൻ പാർപ്പിനു ചുടലയും കൂട്ടുകെട്ടിനു വികൃതാകൃതികളായ ഭൂതങ്ങളേയും ആകുന്നു ഇഷ്ടപ്പെടുന്നതു്. ഇപ്രകാരം വൈദികകാലത്തുണ്ടായിരുന്ന നിഷ്ഠുര പ്രകൃതം ഉപേക്ഷിച്ചു് ശിവൻ സൌമ്യനും ശാന്തനും കൃപാവാരിധിയും ആയി ശാക്യമുനിയെ അതിശയിച്ചു. എന്നു മാത്രമല്ല, മരുത് സൈന്യങ്ങളുമായി എട്ടുദിക്കും പൊട്ടുമാറു അട്ടഹസിച്ചു പാഞ്ഞു നടന്നിരുന്ന രുദ്രൻ ഇപ്പോൾ ഏകനായി സമാഹിത ചിത്തനായി സമാധിയിൽ ലയിച്ചു്, മനുഷ്യസാധാരണമായ ജനന മരണാദികൾക്കു ദുഷ്പ്രാപമായ അതിലൌകിക സ്ഥാനത്തു ത്രിമൂർത്തികളിൽ ഒരാളായി ഇരുന്നുകൊണ്ടു് കേവലം മർത്ത്യനായ ശുദ്ധോദന പുത്രനെ നിസ്തേജസ്കനാക്കി കളകയും ചെയ്തു.

ശിവന്റെ വളൎച്ച ഇതുകൊണ്ടും നിലച്ചില്ല. സ്ഥൂലമായ ഹിമാലയൻ ചേതനതത്വവും പുരുഷതത്വവും ആദ്യസമുദായാംഗതത്വവും കല്പിക്കുന്ന ആരോപകബുദ്ധി അസ്ഥൂലമായ യാഗസ്വരൂപത്തിലും സൂക്ഷ്മമായ ബുദ്ധമത തത്വങ്ങളിലും വ്യാപരിപ്പിക്കാൻ അധികം പ്രയാസമുണ്ടായിരുന്നില്ല എന്നാൽ ആ പതനവും കടന്നു്, വാക്കും മനസ്സും പ്രതിനിവർത്തിക്കുന്ന ആദ്ധ്യാത്മികലോകത്തു് ശുദ്ധാദ്വൈതസ്വരൂപത്തയോടെ ജ്ഞാനസ്വരൂപനായി സ്ഥിതിചെയ്യുമ്പോൾ ശിവന്റെ യാഥാർത്ഥ്യം ചിഹ്നങ്ങളെക്കൊണ്ടും പ്രതീകങ്ങളെക്കൊണ്ടും സൂചിപ്പിക്കാൻ മാത്രമെ കഴിവുണ്ടായുള്ളൂ. കേവലമായി, നിർഗ്ഗുണമായി, നിർവികാരമായിരിക്കുന്ന അഖണ്ഡബ്രഹ്മം ശിവൻ; ശിവന്റെ പ്രകാശന രൂപമായിട്ടുള്ളതു് ശക്തി. രണ്ടും തമ്മിൽ തിരിക്കാൻ, വ്യതിരിക്തമായി സങ്കല്പിക്കാൻ ശക്യമല്ല. വാക്കും അതിന്റെ അൎത്ഥവും പോലെ, അഗ്നിയും അതിന്റെ ദാഹകശക്തിയും പോലെ, രത്നവും അതിന്റെ പ്രകാശവും പോലെ, സൎപ്പവും അതിന്റെ വക്രഗതിയും പോലെ, ശിവനും ശക്തിയും നിത്യസംയുക്തരത്രെ. ശിവൻ അൎദ്ധനാരീശ്വരൻ തന്നെ.

ഈ ശിവൻ ദേശകാലാതീതനുമാകുന്നു. രാവും പകലും ആയി വളഞ്ഞു വളഞ്ഞിരിക്കുന്ന കാലത്തെ സൎപ്പമാക്കി ശിവൻ അതിനെ അതിചാംഛലിച്ച അലങ്കാരമാക്കി ധരിച്ചു; ദേശത്തിന്റെ സൂചകമായ ദിക്കുകൾ അദ്ദേഹത്തിനു വസ്ത്രവുമായി. മൃഗീയമായ കാമങ്ങളെ ലക്ഷ്യക്കുന്ന കാളയെ ചവിട്ടിത്താഴ്ത്തി അതിനുപരി അദ്ദേഹം സഞ്ചരിക്കുന്നു. സൎവ്വസംഗത്യാഗത്തിന്റെ സൂചകമായ ധവളഭസ്മം സൎവ്വാംഗം പൂശി, അസ്ഥിമാലകളും അണിഞ്ഞു്, കപാലവും കൊണ്ടു ഭിക്ഷാംദേഹിയായി പൎയ്യടനം ചെയ്തു്, മരണത്തെക്കുറിച്ചും മരണാനന്തരമുള്ള അവസ്ഥയെക്കുറിച്ചും മർത്ത്യരെ നിത്യവും അനുസ്മരിപ്പിക്കുവാനും അനുശാസിക്കുവാനും ആയി അദ്ദേഹം ശ്മശാനത്തെ അധിവസിക്കുന്നു. ആനന്ദാമൃ

തനിഷ്യന്ദിയായ ചന്ദ്രന്റെ സ്ഥാനം ആ പരമയോഗിയുടെ ലലാടം തന്നെയാകുന്നു. അവിടെത്തന്നേ ജ്ഞാനമാകുന്ന മൂന്നാമത്തെ ചക്ഷുസ്സും. അദ്ദേഹത്തിന്റെ ശിരസ്സിൽ നിന്നു ലോകപാവനിയായ കേവല സംശുദ്ധി ഗംഗയായി പ്രവഹിക്കയും ചെയ്യുന്നു.

ശിവനോടു സംബന്ധിപ്പിച്ചു പറയുന്ന മിക്ക കഥകൾക്കും ഈവിധം നോക്കിയാൽ അർത്ഥം തെളിഞ്ഞു കാണാം. അനംഗനായി, മനസിജനായിരിക്കുന്ന കാമദേവൻ കാമവികാരത്തെയും ചൂതാദി പഞ്ചബാണങ്ങൾ കാമോദ്ദീപകങ്ങളായ വസന്തകാല സാമഗ്രികളേയും മൂർത്തിമത്താക്കിക്കാണിക്കുന്നു എന്നുള്ളതു് അതിസ്പഷ്ടമായിട്ടുള്ളതാകുന്നു. നിടിലക്കണ്ണിൽ നിന്നു പുറപ്പെട്ട ജ്ഞാനാഗ്നിയുടെ ഒരു കണികകൊണ്ടു കന്ദർപ്പനെ ഭസ്മസാൽക്കരിച്ചു് ഭഗവാൻ കാമാരിത്വം നേടി. ദുഷ്പൂരമായ മനുഷ്യാശയുടെയും തീക്ഷ്ണമായ മനുഷ്യബുദ്ധിയുടെയും പ്രത്യക്ഷദേവതയായ ഗണപതിയെ തൃപ്തിപ്പെടുത്താൻ, ഒടുങ്ങാത്ത നവനിധികൾക്കും അധിപതിയായ കുബേരൻ ശ്രമിച്ചിട്ടും സാധിച്ചില്ല; ഒടുവിൽ ജ്ഞാനസ്വരൂപിയായ ഭഗവാന്റെ തൃക്കൈയിൽനിന്നും നിർമ്മല ധർമ്മമാകുന്ന രണ്ടു മലരു കിട്ടിയപ്പോൾ പൂർണ്ണസന്തുഷ്ടി അടയുകയും ചെയ്തു. "സ്വല്പമപ്യസ്യ ധർമ്മസ്യ ത്രായതെ മഹതോ ഭയാത്" എന്നുള്ള തത്വം ഇവിടെ കഥകൊണ്ടു കാണിച്ചിരിക്കുന്നു. ലൗകിക ക്ഷേമവും അതു നിമിത്തമുള്ള അഹങ്കാരം ആഭിജാത്യം എന്നിവയും ശരീരം ധരിച്ചുവന്ന ദക്ഷപ്രഭുവിന്റെ സംരംഭങ്ങളെ നശിപ്പിച്ചു അയാളെ വികൃതരൂപനാക്കാൻ രുദ്രപ്രകൃതിയുടെ പ്രകടനമായ രണ്ടാളുകൾ മാത്രം മതിയായി. അതുപോലെതന്നെ കാലം എന്നതു പുരുഷരൂപം എടുത്തു വന്ന കാലന്റെ അക്രമങ്ങളെതടുത്തു നശിപ്പിച്ചു മൃത്യുഞ്ജയത്വം വരുത്താനും ശിവനു പ്രയാസമുണ്ടായില്ല. സ്ഥൂലം സൂക്ഷ്മം കാരണം എന്നീ മൂന്നു ശരീരങ്ങളെ അല്ലെങ്കിൽ പുരത്രിതയത്തെ ജ്ഞാനാഗ്നിയാൽ ദഹിപ്പിച്ചു് ത്രിപുരാന്തകൻ തന്റെ സൂക്ഷ്മസ്വഭാവം ലോകർക്കു വ്യക്തമാക്കിക്കൊടുത്തിരിക്കുന്നു.

ഏവംവിധങ്ങളായ പുരാണ കഥകൾ സൂക്ഷ്മമായും ആദരത്തോടും പരിശോധിച്ചു പരിശുദ്ധിയും അർഹതയും സമ്പാദിച്ചാൽ സച്ചിദാനന്ദമൂർത്തിയായി അഹേതുക കൃപാസിന്ധുവായ ഭഗവാൻ സ്വയം നമ്മെ വരിക്കയും സ്വസ്വരൂപം വെളിപ്പെടുത്തിത്തരികയും ചെയ്യും. ഉപനിഷത്തു വർണ്ണിക്കുന്ന ഊർദ്ധ്വമൂലമായ മഹാശ്വത്ഥവൃക്ഷം ഭാരതീയ സംസ്കാരത്തിനേയും ഉൾപ്പെടുത്തുമെങ്കിൽ, അതിന്റെ ശാഖോപശാഖകളായി പടർന്നു പിടിച്ചു കിടക്കുന്ന പുരാണേതിഹാസാദികളിൽ കൂടി കടന്നു അന്വേഷിച്ചാൽ നാരായവേരായി നില്ക്കുന്നതു ത്യാഗവും സേവയും ആണെന്നും അതു തന്നെയാണു ഭഗവത്സ്വരൂപപ്രാപ്തിക്കുള്ള മാർഗ്ഗങ്ങളെന്നും അതു തന്നെയാണു ഭഗവത്സ്വരൂപമെന്നും ബോദ്ധ്യമാകുന്നതാകുന്നു. സ്വാർത്ഥമായുള്ളതു് പരാർത്ഥമായും, ശാരീരിക

വും മാനസികവും ആയുള്ളതു ആത്മാവിനുവേണ്ടിയും ത്യജിച്ചാൽ ഭഗവല്ലാഭം, ജ്ഞാനലാഭം സിദ്ധിക്കും. ത്യാഗം, ത്യാഗം, ത്യാഗം തന്നെ മഹാമന്ത്രം. അതുതന്നെ മഹാമോദനം. ത്യാഗരൂപിയായ സന്ന്യാസിയുടെ വേഷമല്ലേ ഭഗവാൻ കൈക്കൊണ്ടിരിക്കുന്നതു്? ദേഹത്തോടും, അതു മുഖാന്തിരം ഇന്ദ്രിയഗോചരമായ ലോകത്തോടും ഉള്ള അനാസ്ഥ ബാഹ്യമായും, നിർദ്വന്ദ്വമായി, നിത്യോഗക്ഷേമവത്തായി, യദൃച്ഛാലാഭസന്തുഷ്ടിയോടെ നിത്യസത്വസ്ഥമായുള്ള അസംഗത്വവും ആത്മാരാമത്വവും ആന്തരമായും ഉള്ള അവസ്ഥയല്ലേ ത്യാഗിയുടേതു്? അതു തന്നെയല്ലേ ഭഗവാന്റെ സ്വരൂപവും? യുഗയുഗാന്തരങ്ങളായി ഇപ്രകാരം സ്വയംജ്യോതിസ്സാൽ ഭാസ്വത്തായി സനാതനമായി സർവ്വ മംഗളമൂർത്തിയായി സകല ലോകശങ്കരനായി വിലസുന്ന പരമശിവ സ്വരൂപത്തെ നിരന്തരം ഗാഢമായി ഭജിച്ചു നിശ്ശ്രേയസ്സിനെ പ്രാപിക്കാം. ഇങ്ങനെ പ്രാർത്ഥിക്കയും ചെയ്യാം.

"ആവിരാവിർമ്മ ഏധി രുദ്ര!
യത്തെ ദക്ഷിണം മുഖം
തേന മാം പാഹി നിത്യം".

# ശ്രീരാമകൃഷ്ണദേവന്റെ ശിഷ്യവാത്സല്യം.

(ശ്രീഗിരിശ്ചന്ദ്രഘോഷ്)

ഈ ഉപന്യാസമെഴുതാൻ എന്നെ ഏല്പിച്ചപ്പോൾ വളരെ എളുപ്പമായ കാര്യമെന്നു ഞാൻ വിചാരിച്ചിരുന്നു. എന്നാൽ, ഇപ്പോൾ ഇതു് അത്യന്തം പ്രയാസമെന്നു മനസ്സിലായി. എളുപ്പമെന്നു വിചാരിച്ചതിനു കാരണം, അദ്ദേഹത്തിന്റെ അപാരമായ സ്നേഹം ഞാൻ അനുഭവിച്ചിട്ടുണ്ടു്. ഓരോ ശിഷ്യനും അതിനെ — അദ്ദേഹത്തിന്റെ അനുവാററ സ്നേഹത്തെ — പ്പററി പറഞ്ഞിട്ടുള്ളതു് ഞാൻ കേട്ടിട്ടുണ്ടു്. പലപ്പോഴും ആനന്ദമഗ്നരായി അതിനെ സംബന്ധിച്ചു് മററു ശിഷ്യന്മാരോടു ആലോചിച്ചിട്ടുമുണ്ടു്. ഏതെങ്കിലുമൊരു ശിഷ്യൻ തന്നോടു ശ്രീരാമകൃഷ്ണദേവനുള്ള സ്നേഹത്തെക്കുറിച്ചു വർണ്ണിക്കുമ്പോൾ ഉടനടി പ്രതിഘാതം എന്റെ ഹൃദയത്തിൽ അനേകം ഊററുകൾ ഉൽഭൂതമാകും, അനേകം സ്രോതസ്സുകൾ പ്രവഹിക്കും. ആ ശിഷ്യന്റെ വാക്കു

കളേക്കാറം അയാളുടെ തന്മയഭാവംകൊണ്ടും എന്റെ മനസ്സും അയാളുടെ മനസ്സും തമ്മിൽ സമാവസ്ഥയിലിരിക്കുന്നതുകൊണ്ടും തൽക്കാലത്തേക്കു് അതു ശരിയായി അനുഭവിച്ചതുപോലെതോന്നും. ആ ശിഷ്യൻ ഉദ്ധരിക്കുന്ന അദ്ഭുതത്തിന്റെ സ്നേഹമയമായവാക്കും വർണ്ണിക്കുന്ന വാത്സല്യം നിറഞ്ഞ പ്രവൃത്തിയും ഞാനും പലപ്രാവശ്യം കേൾക്കുകയും കാണുകയും ചെയ്തിട്ടുണ്ടു്. അതിനാൽ ശിഷ്യന് അധികം പറയേണ്ടതായില്ല. ഒരു സംഗതിപറഞ്ഞാൽ ശിഷ്യൻ വളരെ എല്ലാം പറഞ്ഞതായി വിചാരിക്കും. എനിക്കു് വളരെയെല്ലാം കേട്ടതായി തോന്നുകയും ചെയ്യും. ഞാൻ പറയാനാഗ്രഹിക്കുന്നതു് ശരിയായി പറഞ്ഞുവോ എന്നു് അറിഞ്ഞുകൂടാ. എന്നാൽ വായനക്കാരോടു് ഒരു ചോദ്യംചോദിച്ചാൽ എന്റെ മനോഭാവം ഏതാണ്ടൊക്കെമനസ്സിലാക്കാൻ കഴിയുമെന്നുതോന്നുന്നു. എന്റെ ചോദ്യം—നിങ്ങറം മാതൃസ്നേഹം എങ്ങിനെയെന്നു് അനുഭവിച്ചിട്ടുണ്ടോ? (മനസ്സിലാക്കിയിട്ടുണ്ടോ) അതിനെ വർണ്ണിക്കാൻ സാധിക്കുമോ?—എന്നോടു ഈ ചോദ്യംചോദിച്ചാൽ "അഹോ! മാതൃസ്നേഹം മാതൃസ്നേഹം തന്നെ" എന്നു മാത്രമേ പറയുവാൻ നിവൃത്തിയുള്ളു. അമ്മയുടെ ഓരോ പ്രവൃത്തിയിലും ദൃഷ്ടിയിലും പെരുമാററത്തിലും ഞാൻ അനുഭവിച്ചിട്ടുള്ളതിനെ വാക്കുകൊണ്ടു് വർണ്ണിക്കുക സാദ്ധ്യമല്ല. പുത്രപ്രാപ്തികൊണ്ടു് പിതൃഋണത്തിൽനിന്നു് വിമുക്തനാകുന്നു എന്നു് ഒരു വചനമുണ്ടു്. അതിന്റെ അർത്ഥം ഞാൻ ധരിച്ചിരിക്കുന്നതിപ്രകാരമാണു്. നമുക്കു പുത്രനുണ്ടാകാതെ നമ്മുടെ പിതാവിനു് നമ്മോടുള്ള സ്നേഹം എപ്രകാരമെന്നു മനസ്സിലാക്കാൻ ഒരു വിധത്തിലും സാധിക്കയില്ല. മാതൃസ്നേഹം മനസ്സിലാക്കാൻ തികച്ചും അസാദ്ധ്യംതന്നെ. പക്ഷെ മാതൃസ്നേഹം അറിവാൻ കഴിഞ്ഞാൽക്കൂടി ശ്രീരാമകൃഷ്ണദേവന്റെ സ്നേഹം മനസ്സിലാക്കാൻ ഒരു മാർഗ്ഗവുമില്ല. നമ്മറം മായാധീനർ (മായികമായ സ്ഥിതിയിൽ ഇരിക്കുന്നവർ) മാതാപിതാക്കളുടെ സ്നേഹവും മായികസ്നേഹമെന്നു പറയാം. മിക്കസ്ഥലങ്ങളിലും മായികസ്നേഹം—സന്താനങ്ങളുടെ ഐഹിക സുഖംതന്നെയാണു് അവരാഗ്രഹിക്കുന്നതു്. സ്വസന്താനങ്ങളുടെ ലൌകികോന്നതി കാണ്മാനാണു് അവരുടെ ആഗ്രഹം. പാരത്രികോന്നതിക്കായിട്ടു പുത്രൻ ലൌകിക കാൎയ്യങ്ങളിൽ മനസ്സുവെയ്ക്കുന്നില്ലെങ്കിൽ അതു് മാതാപിതാക്കറംക്കു് കോപകാരണമായിത്തീരുന്നുമെന്നും കാണുന്നുണ്ടു്. സൽഗുണസമ്പന്നനാണെങ്കിലും വിവാഹം ചെയ്യാനാഗ്രഹിക്കുന്നില്ലെങ്കിൽ മാതാപിതാക്കറം അസന്തുഷ്ടരാകുന്നു. അവർ അവനെ ഇപ്രകാരം ഉപദേശിക്കുന്നു. "പാരത്രികോന്നതിയ്ക്കു് ഒരു കാലമുണ്ടു്. ലൌകിക കാൎയ്യങ്ങളെ അവസാനിപ്പിച്ചിട്ടു വേണം പാരത്രിക കർമ്മങ്ങളിൽ പ്രവൃത്തിക്കാൻ" പുത്രൻ അവരുടെ ഈ ഉപദേശം അനുസരിക്കുന്നില്ലെങ്കിൽ അയാറം കുപഥഗാമിയെന്നു സ്പഷ്ടമായി പറയുവാൻ മടിക്കുമെങ്കിലും അയാറം കർമ്മഭ്രഷ്ടനെന്നു സ്നേഹിതന്മാരോടു പറഞ്ഞു് വിലപിക്കുന്നു. മാതാപി

താക്കളുടെ സ്നേഹത്തിൽ ചിലപ്പോൾ സ്വാർത്ഥവും കാണുന്നു. അതായത്, ചില സന്താനങ്ങളോട് പക്ഷപാതം കാണിക്കുന്നു. നിസ്സഹായമായ ബാല്യാവസ്ഥയിൽ ഇരിക്കുന്നിടത്തോളംകാലം മാതാപിതാക്കന്മാർ നിസ്സ്വാർത്ഥർതന്നെ. എന്നാൽ അനേകം മാതാപിതാക്കന്മാരും ആഗ്രഹിക്കുന്നത് അവരുടെ വാൎദ്ധക്യത്തിൽ പുത്രനേക്കൊണ്ടു വല്ലരെ പ്രയോജനമുണ്ടാകുമെന്നാണ്. ഗുണഹീനരായ സന്താനങ്ങളോടു മാതൃസ്നേഹം അധികമായിരിക്കും. എന്നാൽ, ഗുണവാന്മാരായ സന്താനങ്ങളുടെ ഗുണങ്ങൾതന്നെ ചിലപ്പോൾ മാതൃസ്നേഹത്തിന്റെ കുറവിനു കാരണമായിത്തീരുന്നു. മാതാപിതാക്കന്മാരുടെ സ്നേഹം അത്യുച്ചംതന്നെ. എന്നാൽ, അതിൽ സ്വാർത്ഥലേശമില്ലെന്ന് പറവാൻ നിവൃത്തിയില്ല. മാതാപിതാക്കളുടെ സ്നേഹം ഏറെക്കുറെ മനസ്സിലാക്കാം. എന്നാൽ — ശ്രീരാമകൃഷ്ണദേവന്റെ സ്നേഹം — ആ സമ്പൂർണ്ണനിസ്വാർത്ഥസ്നേഹം അനുഭവിക്കാനോ വർണ്ണിക്കുന്നതിനോ എങ്ങിനെ സാധിക്കും. സ്വാർത്ഥശൂന്യമായ അവസ്ഥ പ്രാപിക്കാതെ — മായാമുക്തമായ അവസ്ഥയിലെത്താതെ — അമായികകാൎയ്യങ്ങൾ അറിവാൻ സാധിക്കുകയില്ല. അദ്ദേഹത്തേപ്പോലെ മായാശൂന്യമായസ്ഥിതി പ്രാപിച്ചശിഷ്യന്മാർ ഉണ്ടായാൽ ശിഷ്യന്മാരോടുള്ള അദ്ദേഹത്തിന്റെ സ്നേഹത്തെ അറിവാൻ അല്പം ശക്തികിട്ടുമായിരുന്നു. എന്നാൽ വർണ്ണിക്കുവാനുള്ള ശക്തി ഉണ്ടാകുമോ എന്ന് അറിവാൻപാടില്ല. ഇതരശിഷ്യന്മാരോടുള്ള അദ്ദേഹത്തിന്റെ സ്നേഹം എന്റെ അവസ്ഥയുമായി യോജിപ്പിച്ചുനോക്കി അല്പം മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ അന്യരുടെ ഉള്ളിലെ സംഗതി വർണ്ണിക്കുവാൻ നിവൃത്തിയില്ല. എന്റെ ഉള്ളിലെ സംഗതി ഞാൻതന്നെ മനസ്സിലാക്കുന്നോ ഇല്ലയോ എന്നതു സംശയമായിരിക്കെ മററുള്ളവരുടെ മനസ്സിലുള്ള കാൎയ്യങ്ങൾ അറിയുകതിരെ ശക്യമല്ല. അതുകൊണ്ട് ഈ ഉപന്യാസത്തിൽ എന്റെ തനതുസംഗതി — ശ്രീരാമകൃഷ്ണന്റെ സ്നേഹം ഞാൻ എങ്ങിനെ അനുഭവിച്ചു എന്നതിനേമാത്രം വർണ്ണിക്കുന്നു.

ഒരുകാൎയ്യംകൂടി പ്രസ്താവിക്കുവാനുണ്ട്. ശ്രീരാമകൃഷ്ണദേവന്റെ സന്നിധിയിൽ പോയിട്ടുള്ള (മററു) എല്ലാവരും ശിഷ്ടരും ശാന്തന്മാരും ധർമ്മപരായണരുമാകുന്നു. അദ്ദേഹത്തിന്റെ സ്വഗണങ്ങളുമായി ഗണിക്കപ്പെടേണ്ട നരേന്ദ്രൻ മുതലായവർ പരിശുദ്ധമായ ബാല്യദശയിൽ തന്നെ ഭഗവത്സമക്ഷം ചെല്ലുകയും അദ്ദേഹത്തിന്റെ സ്നേഹത്താൽ ആബദ്ധരായി മാതാപിതാക്കളേ മറന്ന് ഭഗവാന്റെ കാൎയ്യത്തിൽ നിയുക്തരാകയും ചെയ്തു. അവരോടുള്ള ഭഗവാന്റെ സ്നേഹം വർണ്ണിച്ചാൽ യഥാർത്ഥസ്നേഹം മനസ്സിലാക്കാൻ സാധിക്കുകയില്ല. നിർമ്മലന്മാരായ ബാലന്മാർ സൎവ്വവും ത്യജിച്ച് ശരണംപ്രാപിച്ചിരുന്നു. ഇതുകൊണ്ടുതന്നെ സ്വാഭാവികമായി സ്നേഹം ജനിക്കാവുന്നതാണ്. എന്നാൽ എന്നോടുള്ള സ്നേഹം അഹേതുകദയാസിന്ധുവിനേ

കാണിക്കുന്നു. ഭഗവാന്റെ ഒരു പേർ, പതിതപാവനനെന്നാണ്. നരദേഹത്തിൽ ആ നാമത്തിന്റെ യാഥാർത്ഥ്യം പ്രത്യക്ഷമായി ഞാൻ കണ്ടു. പതിതപാവനനായ ശ്രീരാമകൃഷ്ണദേവൻ എന്നെ സ്നേഹിച്ചതുകൊണ്ട് എന്നോടുള്ള സ്നേഹത്തേക്കുറിച്ചാണ് ഞാൻ പറവാൻ ആരംഭിക്കുന്നത്. ശ്രീരാമകൃഷ്ണസന്നിധിയിൽ പോയിട്ടുള്ളവരിൽ ചിലർ ചപലസ്വഭാവികളായിരുന്നിരിക്കാം. എന്നാൽ, എന്നെ താരതമ്യപ്പെടുത്തുമ്പോൾ അവരെല്ലാവരും സത്തുക്കൾതന്നെ. അവരിൽ ചിലർക്ക് വല്ലപ്പോഴും പദസ്ഖലനം വന്നിരിക്കാം. എന്റെ സ്വഭാവം—സ്വതന്ത്രം (ഭിന്നം) നേർമാർഗ്ഗത്തിൽ നടക്കുന്നതിന് അറിവാൻപാടില്ല. ശ്രീരാമകൃഷ്ണദേവന്റെ സ്നേഹവിശ്വാസം എനിക്ക് ലഭിച്ചിട്ടുള്ളതുപോലെ മററാർക്കും സിദ്ധിച്ചിട്ടില്ല. ഈ ലേഖനം വായിക്കുമ്പോൾ അത് ഏതാണ്ട മനസ്സിലാകും.

ശ്രീരാമകൃഷ്ണദേവൻ എനിയ്ക്ക് ആശ്രയം നൽകിയ സമയം എന്റെ ഹൃദയം ഭയങ്കരവികല്പിതമായിരുന്നു. പൂർവ്വാഭ്യാസം, ബാല്യകാലം മുതൽക്കു രക്ഷകനല്ലാതിരുന്നതുകൊണ്ടുള്ള യൌവനസഹജമായ ചപലത ഇവയെല്ലാം എന്നെ ഈശ്വരമാർഗ്ഗത്തിൽനിന്നും അതിദൂരം നയിച്ചിരുന്നു. അന്നു (Materialists) ജഡവാദികൾ പ്രബലന്മാരായിരുന്നു. ഈശ്വരന്റെ അസ്തിത്വം നിഷേധിക്കുന്നതു്- ഈശ്വരൻ ഉണ്ടെന്നു സമ്മതിക്കുന്നതു് - ഒരുതരം അജ്ഞതയും ഹൃദയദൌർബ്ബല്യവുമാണെന്നു് ഗണിക്കപ്പെട്ടിരുന്നു. തന്മൂലം സമവയസ്കന്മാരുടെ കൂട്ടത്തിൽ ഞാൻ ഒരു വലിയ ആളെന്നു സ്ഥാപിക്കുന്നതിനുവേണ്ടി ഈശ്വരൻ ഇല്ലെന്നു പ്രതിപാദിക്കുവാൻ തുടങ്ങി. ആസ്തികന്മാരെ പരിഹസിച്ചു. വിജ്ഞാനത്തിൽ (Science) കുറെ സ്വല്പം നോക്കി, മതം ലോകസ്ഥിതിക്കു് വേണ്ടി ഉണ്ടാക്കിയിട്ടുള്ള ഒരു കല്പനയും, സാധാരണ ജനങ്ങളെ ഭയപ്പെടുത്തി ദുഷ്കർമ്മങ്ങളിൽനിന്നും വിരമിപ്പിക്കുവാൻ ഉള്ള ഒരു മാർഗ്ഗവുമാണെന്നു നിശ്ചയിച്ചു. ദുഷ്കർമ്മങ്ങൾ കണ്ടുപിടിച്ചാൽ മാത്രമേ ദുഷ്കർമ്മമാകയുള്ളൂ. രഹസ്യമായി ദുഷ്കർമ്മങ്ങൾ ചെയ്യാൻ കഴിയുന്നതു ബുദ്ധിമാന്റെ പ്രവൃത്തി. കൌശലത്താൽ സ്വാർത്ഥം സാധിക്കുന്നതാണ് പാണ്ഡിത്യം. എന്നാൽ ഈശ്വരന്റെ രാജ്യത്തിൽ ഈമാതിരി പാണ്ഡിത്യം ചിരകാലം നിലനിൽക്കയില്ല. ദുർവ്വിനീതന്മാരുടെ അധിപതിയായ ഉപാദേഷ്ടാവാണ്. ആ ഉപാദേഷ്ടാവിന്റെ താഡനത്താൽ ദുഷ്കർമ്മങ്ങളെ ഒളിച്ചുവയ്ക്കുവാൻ യാതൊരു മാർഗ്ഗവുമില്ലെന്നും അവ എപ്പോഴെങ്കിലും വെളിപ്പെട്ടുപോകുമെന്നും പഠിച്ചു. ഈ പാഠം പഠിച്ചെങ്കിലും ദുഷ്കർമ്മജാതമായ ഫലാനുഭവം ആരംഭിച്ചുപോയി. നിരാശാവ്യഞ്ജകമായ പരിണാമം മാനസപടത്തിൽ ഉദിച്ചു. ശിക്ഷ ആരംഭിക്കമാത്രം ചെയ്തു. എന്നാൽ അതിൽനിന്നും രക്ഷപെടാൻ ഒരു മാർഗ്ഗവും കണ്ടില്ല. സ്നേഹിതന്മാരും സ്വജനങ്ങളുമില്ല—നാലുവശവും വിപജ്ജാലം —ദുർദ്ധനിച്ഛയോടുകൂടി ശ

ശത്രുക്കൾ സർവ്വനാശത്തിനു ശ്രമിച്ചു. എന്റെ പ്രവൃത്തിയും ശത്രുക്കൾക്കു വേണ്ട സൌകര്യം നല്കി. ഈ അവസരത്തിൽ ഉപായാന്തരം കാണാതെ — ഈശ്വരൻ ഉണ്ടോ? അദ്ദേഹത്തെ വിളിച്ചാൽ വല്ല പ്രയോജനവും ഉണ്ടാകുമോ? എന്നു വിചാരിച്ചു. മനസ്സുകൊണ്ടു ഇപ്രകാരം പ്രാർത്ഥിച്ചു "ഹേ ഭഗവാൻ! അങ്ങുന്നു ഉണ്ടെങ്കിൽ ഈ സങ്കടത്തിൽ എന്നെ രക്ഷിക്കേണമേ! ഗീതയിൽ ശ്രീകൃഷ്ണഭഗവാൻ ഇങ്ങിനെ പറയുന്നു. "ചിലർ ആർത്തരായി എന്നെ വിളിക്കുന്നു. അവർക്കും ഞാൻ അഭയം നൽകുന്നു." ഈ ഗീതവാക്യം തികച്ചും സത്യമെന്നു ഞാൻ കണ്ടു. സൂര്യോദയത്തിൽ അന്ധകാരമെന്നപോലെ അചിരേണ ആശാസൂര്യന്റെ ഉദിപ്പു് ഹൃദയാന്ധകാരം നീക്കി. വിപൽസാഗരത്തിന്റെ കരകണ്ടു. എന്നാൽ ഈശ്വരനില്ലെന്നും മറ്റും ഇത്രനാളും തർക്കിച്ചതിന്റെ സംസ്കാരം എവിടെപ്പോകും? കാര്യകാരണസംബന്ധം വിചാരിച്ചപ്പോൾ ഈ കാരണത്തിൽ നിന്നും ഈ കാര്യം ഉണ്ടായി എന്നെ വിപത്തിൽ നിന്നു മോചിപ്പിച്ചു എന്നു കണ്ടു. അതിനാൽ, പിന്നെയും സംശയമുണ്ടായി എങ്കിലും ഈശ്വരൻ ഇല്ല എന്നു മുമ്പിലത്തെപ്പോലെ ശക്തിയോടുകൂടി പറയുവാൻ ധൈര്യമുണ്ടായില്ല. അന്വേഷണത്തിനു ആഗ്രഹം ജനിച്ചു. വേദാന്തശാസ്ത്രത്തിൽ ചിലപ്പോൾ വിശ്വാസവും ചിലപ്പോൾ സംശയവും ഉണ്ടാകും. ഈ വിഷയത്തിൽ ആരെങ്കിലും ഉപദേശിച്ചാൽ അതെല്ലാം ഒററവാക്കിൽ പറയുന്നതു് ഗുരുവിന്റെ ഉപദേശംകൂടാതെ ഒന്നും ലഭിക്കയില്ല എന്നായിരുന്നു. എന്നാൽ, മനുഷ്യനെ ഗുരുവാക്കാൻ — ഗുരുവായി വരിക്കുന്നതിനു് — ബുദ്ധി സമ്മതിച്ചില്ല. വിശേഷിച്ചു് ഗുരുവിനെ 'ഗുരു: ബ്രഹ്മാ ഗുരുർവ്വിഷ്ണു ഗുരുർദ്ദേവോ മഹേശ്വര:' എന്നു ചൊല്ലി നമസ്കരിക്കണം. ഇപ്രകാരം പറഞ്ഞു ഒരു മനുഷ്യനെ എങ്ങിനെയാണു നമസ്കരിക്കുന്നതു? അതു വഞ്ചനയല്ലേ? എന്തിനു്? സംശയം വളരെ വിഷമിപ്പിച്ചു. മനസ്സിൽ വല്ലാതെ ചാഞ്ചല്യം. ആ അവസ്ഥ അവർണ്ണനീയം. പെട്ടെന്നു കണ്ണടച്ചുകൊണ്ടു ജനശൂന്യവും അന്ധകാരമയവുമായ മുറിയിൽ അടച്ചുപൂട്ടി ഇട്ടാൽ എപ്രകാരമോ അപ്രകാരമായിരുന്നു എന്റെ അന്നത്തെ സ്ഥിതി. ചിന്തയുടെ സാധനയാൽ ചിലപ്പോൾ ശബ്ദബോധവുമുണ്ടാകും. ദുഷ്കർമ്മത്തിന്റെ സ്മരണ ഇടയ്ക്കിടയ്ക്കു ജാഗരൂകമായി ജ്വലിയ്ക്കും. ഹൃദയാന്ധകാരം കുറേക്കൂടി നിബിഡമാകും. ഈ അവസരത്തിലാണു് ശ്രീരാമകൃഷ്ണദേവൻ എനിക്കു ദർശനം നൽകിയതു്. ഞാൻ ഞങ്ങളുടെ ഗ്രാമത്തിലെ നാലുകൂട്ടുന്ന വഴിയിൽ ഒരു സ്നേഹിതന്റെ ഭവനത്തിന്റെ മുൻവശത്തു ഇരുന്നിരുന്നു. അപ്പോൾ ശ്രീരാമകൃഷ്ണദേവൻ ആ ഗൃഹത്തിന്റെ രണ്ടു ഭക്തന്മാരോടുകൂടി കിഴക്കുവശത്തെ റോഡിൽകൂടി ഭക്തശ്രേഷ്ഠനായ ബലരാമബസുവിന്റെ ഗൃഹത്തിലേക്കു പോകുകയായിരുന്നു. അതിനുമുമ്പ് സ്റ്റാർ തിയേററിൽ (Star Theatre) എന്റെ 'ചൈതന്യലീല' നാടകത്തിന്റെ അഭിനയം കാണ്മാൻ അദ്ദേഹം വന്നിട്ടുണ്ടു്. 'നാരായണൻ' എന്ന ഒ

ഭക്തൻ എന്നെ ദൂരെനിന്നും കാണിച്ച് എന്തോ പറഞ്ഞു. തൽക്ഷണം അദ്ദേഹം എന്നെ നമസ്കരിച്ചു. എന്റെ മുൻവശത്തുകൂടി അദ്ദേഹം ബലരാമന്റെ ഭവനത്തിലേക്കു പോയി.

അല്പദൂരം ചെന്നപ്പോഴേക്ക് എന്നെ എന്തോ പിടിച്ചുവലിക്കുന്നതുപോലെ തോന്നി. അതുകൊണ്ട് എനിക്കു സ്ഥിരമായിരിക്കുവാൻ സാധിക്കാതെയായി. ആ സ്ഥിതി എന്തായിരുന്നു എന്ന് പറയാൻ നിവൃത്തിയില്ല. ഒരു സ്നേഹിതന്റെ അടുക്കൽ പോകാൻ തോന്നുന്നതുപോലുള്ള ആഗ്രഹമല്ല. ഇത് ഒരു പുതിയ രീതിതന്നെ. ഈ ആകർഷണം മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. ഞാൻ പോകണമോ വേണ്ടയോ എന്ന് ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ഭക്തൻ അദ്ദേഹത്തിന്റെ സന്നിധിയിൽ നിന്നും വന്ന് ബലരാമബാബുവിന്റെ ഗൃഹത്തിലേക്ക് എന്നെ ക്ഷണിച്ചു. ഞാൻ മന്ത്രമുഗ്ദ്ധനെപ്പോലെ അയാളെ അനുഗമിച്ചു. ഭഗവാൻ ബലരാമബാബുവിന്റെ ഹാളിൽ ഇരിക്കുകയായിരുന്നു. ഞാനും ഇരുന്നു. "മഹാത്മാവേ! ഗുരു എന്നാൽ എന്ത്?" എന്നു ഞാൻ ചോദിച്ചു. അദ്ദേഹം മറുപടി പറഞ്ഞു. "നിനക്കു ഗുരുലബ്ധി കഴിഞ്ഞിരിക്കുന്നു. ഗുരു എന്നാൽ ഘടകൻ (വധൂവരന്മാരുടെ വിവാഹം നടത്തുന്നവൻ) ഈശ്വരലബ്ധ്യുചിതനെ ഈശ്വരനുമായി യോജിപ്പിക്കുന്നു." അദ്ദേഹത്തിന്റെ വാക്ക് എത്രത്തോളം മനസ്സിലാക്കിയെന്ന് എനിക്കറിഞ്ഞുകൂടാ. എങ്കിലും പരമശാന്തി ഉണ്ടായി. അനന്തരം മറ്റു കാര്യങ്ങൾ നടന്നു. എന്റെ സ്വന്തം ആളോടു സംസാരിക്കുന്നതുപോലെ തോന്നി. അല്പം മുമ്പുമാത്രമേ പരിചയമായുള്ളു. എന്നാൽ അദ്ദേഹത്തിന്റെ വാക്കിൽനിന്നും വളരെക്കാലത്തെ പരിചയമുള്ളതുപോലെ തോന്നി. ഇനിയും ഒരു ദിവസം തിയേറററിൽ കാണിക്കണമെന്ന് അദ്ദേഹം അപേക്ഷിച്ചു. ഞാൻ സമ്മതിച്ചു. പ്രഹ്ലാദചരിത്രാഭിനയം കാണ്മാൻ വരാമെന്നു തീർച്ചപ്പെടുത്തി.

പ്രഹ്ലാദചരിത്രം അഭിനയിച്ച ദിവസം അദ്ദേഹം തിയേറററിൽ വന്നു. അദ്ദേഹത്തെ എത്ര കാലം ഞാൻ നോക്കിനിന്നെന്നു പറയാൻ സാധിക്കയില്ല. അന്നു പതിവുപോലെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ "നിന്റെ മനസ്സിൽ വക്രതയുണ്ട്" എന്ന് അദ്ദേഹം പറഞ്ഞു. ഉണ്ടല്ലോ, എന്ന് വിചാരിച്ചിട്ട് "ആ വക്രത എങ്ങനെ നീങ്ങും" എന്ന് ഞാൻ ചോദിച്ചു. "വിശ്വസിക്കുക" എന്ന് അദ്ദേഹം മറുപടി പറഞ്ഞു.

പിന്നിട്ട് ഇന്നദിവസം അദ്ദേഹം രാമചന്ദ്രദത്തന്റെ ഭവനത്തിൽ വരുമെന്ന് ഒരു വർത്തമാനക്കടലാസിൽ വായിച്ചു. ഉടൻ മുമ്പുണ്ടായതുപോലെ ഒരു ആകർഷണമുണ്ടായി. രാമബാബുവിന്റെ ഭവനത്തിലെന്ന് ശ്രീരാമകൃഷ്ണദേവനെ കണ്ടുമുട്ടി. എനിക്ക് "എന്ത് ഉണ്ടാകും?" അദ്ദേഹം പറഞ്ഞു "വേഗം ഉന്മാദമായ അവസ്ഥ ഉണ്ടാകും" "എന്റെ മനസ്സിലെ വക്രം പോയോ?" എന്ന് വീണ്ടും ഞാൻ ചോദി

ഭിച്ചു. അതു ഇരിക്കകയല്ല എന്നു് അദ്ദേഹം മറുപടിപറഞ്ഞു. ഞാൻ നമസ്കരിച്ചു യാത്രപറഞ്ഞു.

ഈ അല്പദിവസത്തെ ദർശനംകൊണ്ടു് എനിക്കു് ഇങ്ങനെ തോന്നി. ഇദ്ദേഹം ആരാണു്? എന്നെ ഇദ്ദേഹം പൂർണ്ണമായി മനസ്സിലാക്കീട്ടില്ലേ? ഇല്ലായിരിക്കാം, അല്ലെങ്കിൽ ഇത്രത്തോളം സന്തതമായിക്കരുതി എന്നോടു് സംഭാഷണം ചെയ്യുന്നതു് എന്തുകൊണ്ടു്? ഇദ്ദേഹത്തിന്റെ വാക്കിൽനിന്നും എന്റെ ഉററബന്ധുവെന്നു തോന്നുന്നു. ഇദ്ദേഹം ആരു്? ഇദ്ദേഹം ആരെയും വെറുക്കുകയില്ലെന്നു എന്റെ മനസ്സിൽ ധൈര്യമുണ്ടായി. ഞാനാരെന്നു മനസ്സിലാക്കിയാലും ഇദ്ദേഹം എന്നെ വെറുക്കുകയില്ലെന്നു് എനിക്കു തോന്നി. മാത്രമല്ല, ഞാൻ ആരെന്നു് അറിയിക്കുവാൻ എനിക്കു പരമമംഗളം സിദ്ധിക്കും. ഞാൻ ദക്ഷിണേശ്വരത്തുചെന്നു് ഇദ്ദേഹത്തിന്റെ ചരണങ്ങളെ ആശ്രയിക്കും. ഇദ്ദേഹം നിശ്ചയമായും ശാന്തിദാതാവാണു്.

ദക്ഷിണേശ്വരത്തുചെന്നു, ഭഗവാൻ ഇരിക്കുന്നു. ഭവനാഥൻ എന്ന ഒരു ശിഷ്യനോടു സംഭാഷണം ചെയ്തുകൊണ്ടിരിക്കുന്നു. ഞാൻ ചെന്നു നമസ്കരിച്ചപ്പോൾ ഒരു പരമഹംസദേവൻ വന്നാലെന്നതുപോലെ അദ്ദേഹം പറഞ്ഞു. "ഞങ്ങൾ ഉപ്പററി പറഞ്ഞുകൊണ്ടിരിക്കയായിരുന്നു. ദേവേന്ദ്രനെ" എന്തോ ഉപദേശിക്കാൻ ആരംഭിച്ചപ്പോൾ ഞാൻ അല്പന്റെ അടുത്തു സിദ്ധനെക്കണ്ടപോലെ ഇപ്രകാരം സിദ്ധാന്തിച്ചുപറഞ്ഞു. "ഞാൻ ഉപദേശം കേൾക്കുകയല്ല, (എനിക്കു് ഉപദേശം കേൾക്കണ്ടാ,) ഞാൻ തന്നെ അനേകം ഉപദേശങ്ങൾ എഴുതീട്ടുണ്ടു്. അങ്ങു് എനിക്കു പലതും പ്രായോഗികമായി ചെയ്തുതരിക! ഇതുകേട്ടു് അദ്ദേഹം സന്തുഷ്ടനായതുപോലെ തോന്നി. മന്ദഹസിച്ചു. അതു കണ്ടിട്ടു് എനിക്കു് ഇപ്രകാരം തോന്നി. എന്റെ മനസ്സിൽ ഇനി ഒരു മാലിന്യവുമില്ല. ഞാൻ നിർമ്മലനായിരിക്കുന്നു. പിന്നീടു്, യാത്രപറഞ്ഞസമയം ഞാൻ ഇങ്ങിനെ ചോദിച്ചു. "മഹാത്മൻ! അവിടുത്തെ ദർശിച്ചു കഴിഞ്ഞില്ലേ? ഇനിയും ഞാൻ ഇപ്പോൾ ചെയ്യുന്നജോലിതന്നെ തുടരട്ടെ?" "അതുതന്നെചെയ്യുക" എന്നു് അദ്ദേഹം മറുപടിപറഞ്ഞു. മനസ്സു് അപ്പോൾ ആനന്ദപരിപ്ലുതമായി. എനിക്കു ഒരു നവജീവൻ ഉണ്ടായതുപോലെ തോന്നി. പഴയ ആളല്ല ഞാൻ. മനസ്സിൽ സംശയമില്ല. ഈശ്വരൻ സത്യം. ഈശ്വരൻ ആശ്രയദാതാവു്. ഈ മഹാപുരുഷന്റെ ആശ്രയം ലഭിച്ചിരിക്കുന്നു. ഇപ്പോൾ ഈശ്വരപ്രാപ്തി എനിക്കു നിഷ്പ്രയാസം സാദ്ധ്യമാണു്. ഇത്യാദി ഭാവത്തിൽ തന്മയനായി അഹോരാത്രം നയിച്ചു ങ്ങി. സ്വപ്നത്തിലും ജാഗ്രത്തിലും ഈ ഭാവംതന്നെ. പരമധൈര്യം- ഒരു ഉററബന്ധുവിനെകിട്ടിയപ്പോൾ. എനിക്കു ലോകത്തിൽ ഇനിയും യാതൊരുഭയവുമില്ല, മഹാഭയമായ മരണഭയവും നീങ്ങി,

ഞാൻ ഈ പ്രകാരമെല്ലാം വിചാരിച്ചു. ശ്രീരാമകൃഷ്ണദേവന്റെ സന്നിധിയിൽനിന്നു വന്നാരും ഭഗവാൻ എന്നെക്കുറിച്ചു വളരെയെല്ലാം പറഞ്ഞതായ കേട്ടു. വല്ലവരും എന്നെ നിന്ദിച്ചാൽ തൽക്ഷണം അദ്ദേഹം പറയും' അങ്ങനെയല്ല. നിങ്ങൾക്ക് അവനെ അറിവാൻ പാടില്ല, അവനു വളരെ വിവേചനമുണ്ട്.

ഇസ്കൂളിൽ നടക്കുമ്പോൾ വിളിച്ചു വരും. ദക്ഷിണേശ്വരത്തുനിന്നും എന്നെ ഭക്ഷിപ്പിക്കുന്നതിന് അനേകമാതിരിവും കൊണ്ടുവരും. പ്രസാദങ്ങൾ എനിക്കു ഭക്ഷിക്കാൻ തരമില്ലെന്നറിഞ്ഞിരുന്നതുകൊണ്ട് അവിടുന്ന് അല്പമെടുത്ത് നാവിൽ വെച്ചശേഷം എനിക്കു ഭക്ഷിക്കാൻ തരും. എനിക്കും ബാലകഭാവം. അച്ഛൻ തന്നെ ഭക്ഷ്യത്തിൽനിന്നും തരുന്നതുപോലെതോന്നും. ഞാൻ ആനന്ദമായി ഭക്ഷിക്കും.

ഒരു ദിവസം ദക്ഷിണേശ്വരത്തു ഞാൻ ചെന്നപ്പോൾ അദ്ദേഹത്തിന്റെ ഊണു കഴിഞ്ഞിരുന്നു. എന്നോടു "പായസം കഴിക്കുക" എന്നു പറഞ്ഞു. ഞാൻ ഭക്ഷിക്കുന്നതിനായി ഇരുന്നപ്പോൾ "നിങ്ങളെ ഞാൻ ഭക്ഷിപ്പിക്കാം" എന്ന് അദ്ദേഹം പറഞ്ഞു. ആ ദിവ്യകോമളഹസ്തത്താൽ എന്നെ ഊട്ടാൻ തുടങ്ങി. അമ്മയെപ്പോലെ അദ്ദേഹം എന്നെ ഊട്ടി ഞാൻ പ്രായം ചെന്നവനാണെന്നുള്ള ധാരണപോലും അപ്പോൾ എനിക്കു ഇല്ലാതിരുന്നു. ഞാൻ ബാലൻ, അമ്മ എന്നെ ഊട്ടുന്നു എന്നാണു എനിക്കു തോന്നിയതു്. അസ്പൃശ്യങ്ങളായ അനാധി ഓഷ്ഠങ്ങളിൽ എന്റെ ഓഷ്ഠം സ്പർശിച്ചിട്ടുണ്ടായിരുന്നുവെന്നും ആ ഓഷ്ഠത്തിൽ അദ്ദേഹം തന്റെ നിർമ്മലഹസ്തത്താൽ പായസം നൽകി എന്നും വിചാരിക്കുമ്പോൾ ഞാൻ അപഹൃതചിത്തനാകുന്നു. ഈ സംഭവം സത്യമായി നടന്നതോ അഥവാ സ്വപ്നമോ എന്ന് എനിക്കു തോന്നിപ്പോകുന്നു. അദ്ദേഹം ദിവ്യദൃഷ്ടിയിൽ എന്നെ നഗ്നബാലനായി ദർശിച്ചിരുന്നുവെന്ന് ഞാൻ ഒരു ഭക്തന്റെ നാവിൽനിന്നും കേട്ടിരുന്നു. സത്യമായും ഞാൻ അദ്ദേഹത്തിന്റെ സന്നിധിയിൽ ചെന്നപ്പോൾ നഗ്നബാലനായി തീർന്നു. എനിക്കു രുചികരങ്ങളായ സാധനങ്ങൾ എന്തെല്ലാമെന്ന് അദ്ദേഹം എങ്ങനെ മനസ്സിലാക്കിയെന്നു ഞാനറിയുന്നില്ല. ആ സാധനങ്ങളെല്ലാം അദ്ദേഹം എന്നെ മുമ്പിൽ ഇരുത്തി ഭക്ഷിപ്പിക്കും. ഞാൻ പറയുകമാത്രം ചെയ്യുന്നു. എന്നാൽ എനിക്കു അദ്ദേഹത്തിന്റെ സ്നേഹത്തെ പ്രകാശിപ്പിക്കുവാൻ സാധിക്കുന്നോ എന്ന് അറിഞ്ഞുകൂടാ. ഞാൻ സമ്പൂർണ്ണമായി അനുഭവിച്ചില്ല എന്നു തോന്നുന്നു. അപ്രകാരം അനുഭവിച്ചിരുന്നാൽ ഇപ്പോൾ പറയുന്നതുപോലെ പറയുവാൻ സാധിക്കുകയില്ലായിരുന്നു. വല്ല സമയവും ആ ഭാവം ഉണ്ടായാൽ തന്മയനായി മൌനിയാകും.

അദ്ദേഹത്തെ പരമബന്ധുവെന്ന് അറിഞ്ഞു. എന്നാൽ സംസ്കാര (വാസന) ബന്ധനം അത്യന്തം ദുർല്ലഭ്യം. ഒരു ദിവസം

തിയറ്ററിൽ വച്ച് മഹാനിന്ദാർഹ് എന്തെല്ലാം അകഥനീയ (ദുർ) വാക്കുകളാൽ അദ്ദേഹത്തെ ശകാരിച്ചു. അപ്പുറം അദ്ദേഹത്തിന്റെ ഭക്തന്മാർ കോപിച്ച് എന്നെ ശിക്ഷിക്കാൻ തുടങ്ങി. അദ്ദേഹം അവരെ വിലക്കി. ഞാൻ അദ്ദേഹത്തോട് "അങ്ങ് എന്റെ പുത്രനാകണം" എന്നു നിർബന്ധിച്ചു. അദ്ദേഹം "അതെങ്ങനെ" "ഞാൻ നിന്റെ ഗുരുവും ഇഷ്ടദേവതയും ആയിരിക്കും" എന്നു പറഞ്ഞു. അതുപോരാ "അങ്ങ് എന്റെ പുത്രനാകണം" എന്ന് പിന്നെയും ഞാൻ പറഞ്ഞു. "എന്റെ അച്ഛൻ അത്യന്തം പരിശുദ്ധനായിരുന്നു. ഞാൻ നിന്റെ മകനാകുന്നതെങ്ങിനെ." എന്ന് അദ്ദേഹം മറുപടി പറഞ്ഞു. അപ്പോൾ ഞാൻ വായിൽ തോന്നിയതെല്ലാം പറഞ്ഞ് അദ്ദേഹത്തെ ശകാരിച്ചു. അദ്ദേഹം ദക്ഷിണേശ്വരത്തേക്കു മടങ്ങി. എന്റെ മനസ്സിൽ യാതൊരു ശങ്കയും ഇല്ലായിരുന്നു. സിദ്ധാന്തമുള്ള കുട്ടി—ദുഷ്ടനായ പുത്രൻ—അച്ഛനെ ശകാരിച്ചാലും നിശ്ചിന്തനായിരിക്കുന്ന പോലെ ഞാനും ശ്രീരാമകൃഷ്ണന്റെ സ്നേഹത്താൽ നിർവിധാന്തമുള്ള കുട്ടിയെപ്പോലെ പെരുമാറിച്ച് നിർഭയനായിരുന്നു. പിന്നീട് അന്യന്മാരുടെ ഉപദേശം പറയാൻ തുടങ്ങി "കാര്യം നന്നായില്ല" എന്നു ഞാനും ക്രമേണ മനസ്സിലാക്കി. എങ്കിലും ശ്രീരാമകൃഷ്ണദേവന്റെ സ്നേഹത്തിൽ എനിക്ക് അത്ര അധികം വിശ്വാസമുണ്ടായിരുന്നതുകൊണ്ട്— അദ്ദേഹത്തിന്റെ സ്നേഹം സ്വാതിതമായിരുന്നതുകൊണ്ട് അദ്ദേഹം എന്നെ പരിത്യജിക്കുമെന്ന ശങ്ക ഒരിക്കലും ഉണ്ടായില്ല. ദക്ഷിണേശ്വരത്തിൽ വച്ച് അനേകമാളുകൾ അദ്ദേഹത്തോടു പറവാൻ തുടങ്ങി 'ഇപ്രകാരമുള്ള ദുഷ്ടന്റെ അടുത്ത് അങ്ങു പോകുന്നതല്ല' എന്ന്. എന്നാൽ, രാമചന്ദ്രദത്തൻ മാത്രം ഇങ്ങിനെ പറഞ്ഞു "മഹാത്മാവ്! അയാൾ അവിടുത്തെ പൂജിക്കുകയായിരുന്നു. കാളിയൻ ശ്രീകൃഷ്ണഭഗവാനോടു ഇപ്രകാരം പറഞ്ഞു. "ഭവാൻ എനിക്കു വിഷമാണല്ലോ നൽകിയിരിക്കുന്നതു, പിന്നെ അവിടുത്തേക്കു നൽകാൻ അമൃത ഞാൻ എവിടെനിന്നു കൊണ്ടുവരേണം?" ഗിരീശഘോഷനും അവിടുന്ന് അയാൾക്കു നൽകിയതുകൊണ്ട് അവിടുത്തെ പൂജിക്കുകയായിരുന്നു. ഉടൻ ശ്രീരാമകൃഷ്ണദേവൻ പറഞ്ഞു "കേൾക്കുക! കേൾക്കുക! രാമന്റെ വാക്കു കേൾക്കുക" പിന്നെയും പലരും എന്നെ നിന്ദിക്കുവാൻ തുടങ്ങി. അപ്പോൾ ഭഗവാൻ പറഞ്ഞു "വണ്ടി കൊണ്ടുവരിക! ഞാൻ ഗിരീശഘോഷന്റെ ഭവനത്തിൽ പോകുന്നു. സ്നേഹമയനായ പരമപിതാവ് എന്റെ ഭവനത്തിൽ വന്നു. ജന്മദാതാവായ പിതാവ് യാതൊരപരാധത്തിനു പുത്രനെ ത്യജിക്കുമോ, ആ അപരാധം— എന്റെ പരമപിതാവ് അപരാധമായിത്തന്നെ ഗണിച്ചില്ല. അദ്ദേഹം എന്റെ ഭവനത്തിൽ വന്നു. ശ്രീഗുരുഭഗവാനാൽ ഞാൻ കൃതാർത്ഥനായി. എന്നാൽ നാൾക്കുനാൾ എന്റെ മനസ്സ് കലുഷിതമാകുവാൻ തുടങ്ങി. അദ്ദേഹം സ്നേഹമയനെന്നു എനിക്കു പൂർണ്ണവിശ്വാസമുണ്ടായി. എന്റെ കൃത്യങ്ങളെ ആലോചിച്ചു ഞാൻ ലജ്ജിച്ചു തുടങ്ങി. ഭക്ത

ന്മാർ ഏതെല്ലാം വിധത്തിൽ അദ്ദേഹത്തെ പൂജിക്കുന്നു എന്നു വിചാരിച്ച് ഞാൻ എന്നെ പഴിച്ചു. സ്വല്പദിവസം കഴിഞ്ഞു് ഭക്തചൂഡാമണിയായ സുരേന്ദ്രനാഥമസൂന്ദാരുടെ ഭവനത്തിൽ ഭഗവാൻ വന്നപ്പോൾ ഞാനും അവിടെ ഉണ്ടായിരുന്നു. ഞാൻ ചിന്താവിഷ്ടനായി ഇരിക്കുകയായിരുന്നു. അദ്ദേഹം ഭാവാവേശത്തിൽ പറഞ്ഞു, "ഗിരിശഘോഷ്! നിനക്കു യാതൊരു ചിന്തയും വേണ്ട, നിന്നെക്കൊണ്ട് ജനങ്ങൾ ആശ്ചര്യപ്പെടും". ഞാൻ ആശ്വസ്തനായി.

അദ്ദേഹം രോഗപീഡിതനായിരുന്നപ്പോൾ ഞാൻ കാണ്മാൻ പോയില്ല, അതിനെപ്പററി ആരെങ്കിലും പറഞ്ഞാൽ അദ്ദേഹം ഉടൻ ഇങ്ങനെ മറുപടി പറയും. "അവന് എന്റെ വേദന കാണ്മാൻ വയ്യ".

അദ്ദേഹത്തിന്റെ ഉപദേശരീതി അത്യാശ്ചര്യമായിരുന്നു. ബാല്യം മുതല്ക്കെ എന്റെ സ്വഭാവം എങ്ങിനെയെന്നാൽ, ഒരു പ്രവൃത്തിയെ വല്ലവരും തടുത്താൽ ഉടൻ അതുതന്നെ ചെയ്യും. ശ്രീരാമകൃഷ്ണദേവൻ ഒരിക്കലും എന്റെ ഒരു പ്രവൃത്തിയെയും തടുത്തില്ല. അപ്രകാരം നിഷേധിക്കാത്തതുതന്നെ എനിക്കു പരമനിഷേധമായിതീർന്നു. അത്യന്തം നിന്ദ്യമായ പ്രവൃത്തി ചെയ്വാൻ തോന്നിയാൽ ഉടനെ ശ്രീരാമകൃഷ്ണദേവനെ ഓർമ്മിക്കും. അപ്പോൾ ആ ആഗ്രഹം നീങ്ങും. അസത്യം പറയരുതെന്നു് അദ്ദേഹം എല്ലാവരോടും ഉപദേശിച്ചിരുന്നു. ഞാൻ പറഞ്ഞു "മഹാത്മൻ! ഞാൻ കള്ളം പറഞ്ഞുകൊണ്ടുതന്നെ ഇരിക്കുന്നു. എപ്രകാരമാണു സത്യവാദി ആകുന്നതു്" ഇതിനു അദ്ദേഹം മറുപടി പറഞ്ഞു "നീ വിചാരപ്പെടേണ്ട, നീ എന്നെപ്പോലെ സത്യമിത്ഥ്യാദികൾക്കു് അപ്പുറമാണു" അസത്യം പറവാൻ തോന്നിയാൽ ഉടൻ തന്നെ ശ്രീരാമകൃഷ്ണന്റെ രൂപം കാണും. അപ്പോൾ കള്ളം പറയുവാൻ സാധിക്കയില്ല. ലൌകിക വ്യവഹാരത്തിൽ ലജ്ജകൊണ്ടു് ഒന്നോരണ്ടോ വാക്കുകൾ തെററായിപ്പറയേണ്ടതായി വരും. അപ്പോഴും ഞാൻ മിഥ്യയാണു പറയുന്നതെന്നു് ധരിപ്പിക്കുവാൻ പ്രത്യേകം ശ്രമിക്കും. ശ്രീരാമകൃഷ്ണദേവൻ എന്റെ ഹൃദയത്തെ സമ്പൂർണ്ണം അധീനപ്പെടുത്തി തന്റെ അധികാരത്തിലാക്കിയിരുന്നു. ആ അധികാരം അദ്ദേഹത്തിന്റെ സ്നേഹത്തിന്റേതന്നെയാണ്. ആ സ്നേഹമോ അത്യാശ്ചര്യം, അദ്ദേഹത്തിന്റെ കൃപയാൽ എനിക്കു വല്ല ഗുണവുമുണ്ടെങ്കിൽ ആ ഗുണഗൌരവം എനിക്കല്ല. അദ്ദേഹം എന്റെ പാപം മാത്രം സ്വീകരിച്ചു. സ്പഷ്ടമായി സ്വീകരിച്ചു. അദ്ദേഹത്തിന്റെ ഭക്തന്മാരിൽ ആരെങ്കിലും ഞാൻ പാപിയാണു എന്നു പറഞ്ഞാൽ അദ്ദേഹം, ശാസിച്ച് ഇപ്രകാരം പറയും. "അതെന്തു? എങ്ങിനെയാണ് പാപി? ഞാൻ കീടം, ഞാൻ കീടം, എന്നു അനുക്രമമായി പറഞ്ഞാൽ കീടമായിത്തന്നെ ഭവിക്കും. 'ഞാൻ മുക്തൻ, ഞാൻ മുക്തൻ' എന്നു

അഭിമാനം നിലനിൎത്തിയാൽ മുക്തനായിത്തന്നെ ഭവിക്കും. സൎവ്വദാ മുക്താഭിമാനം വച്ചുകൊണ്ടിരിക്കുക! പാപം സ്പൎശിക്കുകപോലും ചെയ്കയില്ല''.

ഇതുവരെ എന്റെ ഉള്ളിലുള്ള സംഗതികൾ പറഞ്ഞു. അന്യരുടെ മനസ്സിലെ കാൎയ്യങ്ങൾ എനിക്കെന്തറിയാമെന്ന് ഞാൻ പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ ഒരു ഭക്തന്റെ വസ്ത്രം കീറിയതായി കണ്ടാൽ അദ്ദേഹത്തിന്റെ കണ്ണിൽ അശ്രുക്കൾ നിറയും. ഒരു ഭക്തന്റെ കാലിൽ ചെരുപ്പില്ലെങ്കിൽ അദ്ദേഹം വ്യാകുലനായിത്തീരും. രോഗത്തിന്റെ ദാരുണമായ വേദന അദ്ദേഹം അനുഭവിക്കുമ്പോൾ, അദ്ദേഹത്തിന്റെ സേവയിൽ നിയുക്തനായതു നിമിത്തം ഏതെങ്കിലുമൊരു ഭക്തന് ആഹാരത്തിനു താമസം നേരിട്ടാൽ അദ്ദേഹം തന്നെ അവനെ ആഹാരം കഴിപ്പിക്കാതെ സമ്മതിക്കുകയില്ല. വല്ലവൎക്കും അസുഖമായാൽ അദ്ദേഹം അസ്ഥിരനാകും. അദ്ദേഹത്തിന്റെ ഭക്തന്മാർ, അദ്ദേഹത്തെ ഐഹികപാരത്രികങ്ങളിലെ പരമപിതാവെന്ന് അറിയുന്നു. അദ്ദേഹം സഹധൎമ്മിണിയായ ശ്രീശാരദാമണിദേവിയോട് ഇങ്ങിനെ പറഞ്ഞിരുന്നു. "ജനങ്ങൾ പുത്രന്മാരുണ്ടാകണമെന്ന് ആഗ്രഹിക്കുന്നു. എല്ലാവരും സുസന്താനങ്ങളായിത്തീരുന്നില്ല. എന്നാൽ നിനക്ക് ഞാൻ നൽകിയിരിക്കുന്ന പുത്രന്മാരെല്ലാവരും സുസന്താനങ്ങളാണ്". അദ്ദേഹം ശിഷ്യന്മാരെ പുത്രനിൎവ്വിശേഷം നോക്കിവരുന്നു. പുത്രനിൎവ്വിശേഷമെന്നതുകൊണ്ട് ആശയം ശരിക്കു വ്യക്തമായിട്ടില്ല, മററു വാക്കില്ലാത്തതിനാൽ അങ്ങിനെ പറഞ്ഞതാണ്. ഐഹികവും പാരത്രികവുമായ ഭാരത്തെ — മമതയെ — സമ്പൂൎണ്ണം സ്വീകരിച്ചിരിക്കുന്നവൻ ആരാണ്? അദ്ദേഹവുമായുള്ള സംബന്ധമെന്ത്? മുക്താഭിമാനം വച്ചുകൊണ്ടിരിക്കണമെന്നു അദ്ദേഹം ഉപദേശിക്കുന്നതാലോചിക്കുമ്പോൾ മുക്താഭിമാനം താനേതന്നെ വന്നുചേരും. അപ്പോൾ ഉണ്മയല്ലാത്ത ദേഹത്തിൽ ആത്മാവ് ആബദ്ധമായിത്തീരുന്നില്ല. ചിത്തമാലിന്യം നീങ്ങുന്നു. ദുൎദ്ദമനീയങ്ങളായ കാമക്രോധാദി രിപുക്കൾ നശിക്കുന്നു. ഒരു സാധനയോ ഭജനയോ ആവശ്യമില്ല. അദ്ദേഹത്തിന്റെ വിമല സ്നേഹം അനുഭവിക്കുകതന്നെയാണ് മുക്തി. ആ ഉപലബ്ധിതന്നെയാണ് മനുഷ്യത്വം. ആ ഉപലബ്ധി തന്നെയാണ് മനുഷ്യജീവിതത്തിലെ പരമാവസ്ഥ — പരമലക്ഷ്യം — ഇതു നാം ആഗ്രഹിക്കുന്നു. ആ ഉപലബ്ധി സ്ഥായിയായിരിപ്പാൻ എല്ലാവരും ആശീൎവ്വദിക്കണെ.

# ശ്രീവിവേകാനന്ദചരിതം.

## ഭഗവാന്റെ ഭക്തന്മാരും നരേന്ദ്രനും.

(തുടൎച്ച)

ഭഗവാൻ യോഗദൃഷ്ടിയിൽ ദക്ഷിണേശ്വരത്ത് വരാൻ പോകുന്ന ഭക്തന്മാരെ കണ്ട കാൎയ്യം ഇതിനു മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. ഈ കൂട്ടത്തിൽ ഉൾപ്പെട്ട ഭക്തന്മാർ എല്ലാപേരും ക്രിസ്താബ്ദം ൧൮൮൪ അവസാനിക്കുന്നതിനു മുമ്പ് വന്നുചേൎന്നു. ൧൮൮൫-ൽ ആണ് ഗൃഹസ്ഥഭക്തന്മാരിൽ ഈശ്വരകോടി അംശത്തിൽ ജനിച്ചയാളായ പൂൎണ്ണചന്ദ്രഘോഷൻ വന്നുചേൎന്നത്. ഇദ്ദേഹത്തിന്റെ വരവുസമയത്ത് ഭഗവാൻ "പൂൎണ്ണന്റെ വരവോടുകൂടി ഈ കൂട്ടത്തിൽപെട്ട ഭക്തന്മാർ എല്ലാം പൂൎണ്ണമായി" എന്നു പറഞ്ഞിട്ടുണ്ട്. ഈ കാലത്ത് നരേന്ദ്രൻ സാംസാരികകഷ്ടപ്പാടിൽ നിമഗ്നനായി വിഷമിക്കുകയായിരുന്നു. * രാഖാൽ ശ്രീവൃന്ദാവനത്തിൽപോയി അവിടെ താമസിക്കുകയായിരുന്നു. ഈ പ്രധാന ഭക്തന്മാരുടെ വരവുദിവസം ഭഗവാൻ തന്നെ ഇന്ന് ഈ ദിക്കിൽ നിന്നു (എന്നു ചൂണ്ടിക്കാണിച്ചുകൊണ്ട്) ഒരു ഭക്തൻ വരും എന്ന് അടുത്തു നിൽക്കുന്നവരോടു പറയും. ചില ഭക്തന്മാർ വന്നമാത്രയിൽ നീ ഇവിടത്തെ സ്വന്തം ആൾ ആണ് എന്നുപറഞ്ഞു പണ്ടേ പരിചയം ഉള്ളതുപോലെ അവരെ വളരെ ആദരവോടുകൂടി സൽക്കരിക്കും. ചില ഭക്തന്മാരെ ആദ്യത്തെ കാഴ്ച കഴിഞ്ഞാൽ അവരെ വീണ്ടും വേഗം കാണുന്നതിനും, അവൎക്കു വല്ലതും ഭക്ഷണം നൽകുന്നതിനും അവരോടു സ്വകാൎയ്യമായി ഈശ്വരകാൎയ്യത്തെപ്പററി സംസാരിക്കുന്നതിലും ഭഗവാൻ ഉത്സുകനായിരിക്കും. പുതുതായി വന്ന ഭക്തന്റെ സ്വഭാവസംസ്കാരാദികൾ ഗ്രഹിച്ച് അതേ ശ്രേണിയിൽ ഉള്ള ഭക്തന്മാരോടുകൂടി പരിചയപ്പെടുത്തി അവരോടു ഇവർ ഈശ്വരകാൎയ്യത്തെപ്പററി സംഭാഷണം ചെയ്യുന്നതിന് വേണ്ട സൌകൎയ്യങ്ങൾ ഉണ്ടാക്കിക്കൊടുക്കും. പിന്നീട് ചില ഭക്തന്മാരുടെ വീട്ടിൽ ഭഗവാൻ ക്ഷണനം കൂടാതെ ചെന്ന് ഇവരുടെ രക്ഷാകൎത്താക്കന്മാരെ നല്ല വാക്കു പറഞ്ഞു സന്തോഷിപ്പിച്ചു ഭക്തന്മാൎക്കു ദക്ഷിണേശ്വരത്തു തടസ്സംകൂടാതെ വരുന്നതിന് വഴി തുറന്നുകൊടുക്കും.

ഈ പ്രധാന ഭക്തന്മാർ വന്നമാത്രയിൽതന്നെ-അല്ലെങ്കിൽ സ്വല്പദിവസം കഴിഞ്ഞിട്ട് അവരെ ഏകാന്തത്തിൽ വിളിച്ചു ഭഗവാൻ ധ്യാനത്തിൽ ഇരുന്നുംകൊണ്ട് അവരുടെ നെഞ്ചിലോ നാക്കിലോ മ

---

* ശ്രീ ബ്രഹ്മാനന്ദസ്വാമികൾ.

റെ ചില സ്ഥലത്തിലോ ദിവ്യാവേശത്തോടുകൂടി സ്പർശിക്കും. ഈ ദിവ്യസ്പർശം ലഭിച്ച ഉടൻതന്നെ അവരുടെ മനസ്സ് ബാഹ്യവിഷയങ്ങളിൽനിന്നു മാറി അന്തർമ്മുഖിയായി അവരുടെ സഞ്ചിതമായ ധർമ്മസംസ്കാരങ്ങൾ എല്ലാം പെട്ടെന്നു ഉണർന്ന് അവക്ക് ഈശ്വരലാഭം സുഗമമാകും. ഈ ശക്തിയുടെ പ്രഭാവംകൊണ്ടു ചിലർ ദിവ്യജ്യോതിസ്സുംമററും കാണും. ചിലക്ക് ദേവന്മാരുടേയോ ദേവികളുടേയോ ജ്യോതിർമ്മയമായ മൂർത്തിയുടെ ദർശനം ലഭിക്കും. ചിലക്ക് ഗംഭീരമായ ധ്യാനവും ഇതിനു മുമ്പിൽ ലഭിക്കാത്ത ആനന്ദവും ലഭിക്കും. ചിലക്ക് ഹൃദയഗ്രന്ഥികൾ എല്ലാം പെട്ടന്ന് അയഞ്ഞു ഈശ്വരപ്രാപ്തിക്ക് തീവ്രവ്യാകുലത ഉണ്ടാകും. ചിലർ ഭാവാവേശവും സവികല്പസമാധിയും അനുഭവിക്കും.അപൂർവം ചിലക്ക് നിർവികല്പസമാധിയുടെപൂർവാഭാസംകിട്ടും. ഭഗവാൻെറ അടുക്കൽനിന്നും ഇപ്രകാരം ജ്യോതിർമ്മയമൂർത്തിചക്ഷണം ലഭിച്ചവക്ക് കണക്കില്ല. താരകനു (ശ്രീമൽ ശിവാനന്ദസ്വാമികൾ) ഇപ്രകാരം ഹൃദയഗ്രന്ഥികൾ അയഞ്ഞു വ്യാകുലതയുണ്ടായി. ചോട്ടാനരന് നിരാകാരധ്യാനത്തിൽ സമാധിലഭിച്ചു എന്ന് ഭഗവാൻതന്നെ പറഞ്ഞിട്ടുണ്ട്. ഇപ്രകാരം ഉള്ള സ്പർശംകൊണ്ട് ആനിമിഷത്തിൽതന്നെ നിർവികല്പസമാധിയുടെ പൂർവാഭാസം ലഭിച്ച അനുഭൂതി നരേന്ദ്രന് മാത്രമെ ലഭിച്ചിട്ടുള്ളു. ചില ഭക്തന്മാരെ ഇപ്രകാരം സ്പർശിച്ചു മന്ത്രദീക്ഷകൊടുത്തിട്ടുണ്ട്. ഈ ദീക്ഷാസമയത്ത് ഭഗവാൻ യോഗദൃഷ്ടിമൂലം ഈ ഭക്തന്മാരുടെ അനേകജന്മങ്ങളിലെ പൂർവസംസ്കാരങ്ങൾ ഇന്നതാണെന്ന് ഗ്രഹിച്ചു നിനക്കുമാത്രം ഇതാണ് എന്നു പറയും. നിരഞ്ജനൻ, രാഖാൽ, തേജചന്ദ്രൻ, വൈകുണ്ഠൻ, കാളി മുതലായവക്ക് ഭഗവാൻ ഇപ്രകാരം കൃപചെയ്തിട്ടുണ്ട്.

ഇച്ഛാമാത്രംകൊണ്ടോ സ്പർശംകൊണ്ടോ മഹാപുരുഷന്മാക്ക് തങ്ങളുടെഉള്ളിൽ ഇരിക്കുന്ന ആധ്യാത്മികശക്തി അന്യനിൽപ്രവേശിപ്പിച്ച് അവരുടെമനോഗതി ഈശ്വരലാഭമാർഗ്ഗത്തിലേക്ക് സംപൂർണ്ണം മാററുന്നതിന്‌വൈഭവം ഉണ്ടെന്ന് ശാസ്ത്രങ്ങളിൽകാണുന്നുണ്ട്. ഇത് അവരുടെഅന്തരംഗശിഷ്യന്മാരോടു മാത്രമല്ല പ്രയോഗിക്കാവുന്നത്. വേശ്യാലമ്പടന്മാരെക്കൂടി ഇപ്രകാരം മാററാം. ശ്രീകൃഷ്ണൻ, ബുദ്ധദേവൻ, യേശു ചൈതന്യദേവൻ മുതലായ മഹാപുരുഷന്മാരുടെ ജീവിതത്തിൽ ഈ ശക്തി കാണുന്നുണ്ട്. ഇതെല്ലാം ശാസ്ത്രങ്ങളിൽ വിവരിച്ചിട്ടുണ്ടെങ്കിലും ഇപ്രകാരം ഉള്ള പുരുഷന്മാരുടെ പരിചയം ലോകത്തിന് വളരെക്കാലം ഇല്ലാതിരുന്നതിനാൽ സാധാരണ ജനങ്ങൾ ഇതെല്ലാം അബദ്ധമാണെന്നു പറയുന്നു. എന്നാൽ ഭഗവാൻെറ ഈ ശക്തിപ്രഭാവം പ്രത്യക്ഷത്തിൽ കണ്ടറിഞ്ഞിട്ടു പൂർവഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ളതു വാസ്തവമാണെന്ന് തന്നെ തീർച്ചയാക്കാം. ഭഗവാൻ ഈശ്വരാവതാരമാണെന്ന് വിശ്വസിച്ചില്ലെങ്കിലും, ബുദ്ധൻ, ശ്രീകൃഷ്ണൻ, യേശു മുതലായവരുടെ കൂട്ടത്തിൽ ശ്രീരാമകൃഷ്ണദേവനും ഗണിക്കപ്പെടാവുന്നതാണ്.

മുൻപറഞ്ഞ ഭക്തന്മാരുടെ കൂട്ടത്തിൽ ബാലന്മാരും വൃദ്ധന്മാരും, സംസാരത്തിൽ ഇരിക്കുന്നവരും സംസാരം വെടിഞ്ഞവരും, സാകാരോപാസനക്കാരും നിരാകാരികളും വൈഷ്ണവരും ബ്രാഹ്മസാമാജികരും ഇപ്രകാരം പലകൂട്ടർ ഉണ്ടായിരുന്നു. എങ്കിലും ഒരു കാര്യത്തിൽ എല്ലാപേക്കും ഒരേഭാവം ജനിച്ചു. സ്വാന്തമതവും മാർഗ്ഗവും ശ്രദ്ധയോടും നിഷ്ഠയോടും കൂടി സംരക്ഷിച്ചു എങ്കിലും ഇവർ ഈശ്വരലാഭത്തിനുവേണ്ടി സർവസ്വവും സമ്പൂർണ്ണം ത്യജിക്കുന്നതിന് സർവദാ സന്നദ്ധന്മാരായിരുന്നു. ഭഗവാൻ അവരെ സ്നേഹപാശംകൊണ്ടു ബന്ധിച്ചു അവരുടെ ഭാവം രക്ഷിച്ചു വലിയ കാര്യങ്ങളിലും ചെറിയകാര്യങ്ങളിലും അവരോടു പെരുമാറും. ഇതുകൊണ്ട് അവർ ഓരോരുത്തരും ഭഗവാന് തന്നോടു അധികം പ്രീതി എന്നു വിചാരിച്ചിരുന്നു. അവക്കു ഭഗവാനോടു ഭക്തിയും സ്നേഹവും വളരെ വർദ്ധിച്ചു. അവരും ഭഗവാൻെറ ദിവ്യസംഗംകൊണ്ട് സങ്കിർണ്ണഭാവം സമ്പൂർണ്ണം നശിച്ച് ഉദാരഭാവസമ്പന്നന്മാരായി ഈ കാര്യത്തിലും ഭഗവാന് ഏത്ര പൂർണ്ണത ലഭിച്ചിട്ടുണ്ടെന്ന് കണ്ടു ആശ്ചര്യപ്പെട്ടിട്ടുണ്ട്. ഇതിന് ദൃഷ്ടാന്തമായി ഒരു സംഭവം വിവരിച്ചുപറയാം.

കൽക്കത്തായിൽ ബാഗ്ബജാറിൽ താമസിച്ചുവന്ന ഒറിസ്സായിലെ ഒരു ജമിന്ദാരായ ശ്രീമാൻ ബലരാമവസു ഒരു വൈഷ്ണവകുലത്തിൽ ജനിച്ച പരമവൈഷ്ണവൻ ആയിരുന്നു. വലിയ ധനികനും ജമിന്ദാരും ആയിരുന്നുവെങ്കിലും മനസ്സിൽ അഹങ്കാരം അശേഷം ഇല്ലായിരുന്നു. ഭഗവാനുമായി പരിചയമാകുന്നതിനു മുമ്പിൽ കാലത്ത് ൪-൫ മണിക്കൂർ ബാഹ്യപൂജയിൽ ഇരിക്കും. അഹിംസാധർമ്മം തീവ്രമായി രക്ഷിച്ചു, പുഴുക്കളും, പാററ മുതലായവയെക്കൂടി കൊല്ലുകയില്ല. ഭഗവാൻ ഇദ്ദേഹത്തിനെ കണ്ടമാത്രയിൽ പരിചിതനെപ്പോലെ സൽക്കരിച്ചു ഇപ്രകാരം പറഞ്ഞു. 'ഇയാൾ മഹാപ്രഭു, ശ്രീചൈതന്യദേവൻെറ സാംഗോപാംഗശിഷ്യന്മാരിൽ ഒരാൾ ഇവിടത്തെ ആൾ തന്നെ. ശ്രീ അദ്വൈതപ്രഭു, ശ്രീനിത്യാനന്ദപ്രഭു മുതലായവരുടെ സങ്കീർത്തനം കൊണ്ടു മഹാപ്രഭു എങ്ങിനെ ഈ ദേശത്തിലെ സകല ജനങ്ങളേയും ഹരിനാമകീർത്തനം കൊണ്ട് ഈശ്വരപ്രേമത്തിൽ നിമഗ്നന്മാരാക്കി എന്നു ഞാൻ ഭാവാവസ്ഥയിൽ കണ്ടപ്പോൾ ഈ അൽഭുതകീർത്തനസംഘത്തിൽ ഇയാൾ കൂടി ഉണ്ടായിരുന്നു.'

ഭഗവാൻെറ പുണ്യദർശനത്തോടുകൂടി ബലരാമൻെറ മനോഗതിയിൽ വളരെ ഭേദഗതി ഉണ്ടായി. അദ്ധ്യാത്മികോന്നതി വേഗം ലഭിച്ച് ബാഹ്യപൂജാവേച്ചി അതിക്രമിച്ച് ഈശ്വരനിൽ സമ്പൂർണ്ണനിർഭരതയോടുകൂടി സദ്‌വിചാരവാൻ ആയി സംസാരത്തിൽ ഇരിക്കുന്നതിന് സമർത്ഥനായിത്തിർന്നു. കളത്രപുത്രാദികളെ ഈശ്വരപാദപത്മങ്ങളിൽ അർപ്പണം ചെയ്ത് ദാസഭാവത്തിൽ സംസാരധർമ്മം പരിപാ

ലിച്ചുവന്നു. തനിക്കു ശാന്തി ലഭിച്ചതുകൊണ്ടു തൃപ്തിപ്പെടാതെ സ്വജനങ്ങളെയും സ്നേഹിതന്മാരെയും ഭഗവാന്റെ അടുക്കൽ നിർബന്ധിച്ചു അയച്ചുവന്നു. ബാഹ്യപൂജയിലെ മാററം പോലെ അഹിംസാധർമ്മത്തെപ്പററിയുള്ള ബലരാമന്റെ അഭിപ്രായവും ക്രമേണ മാറി. ജീവിതത്തിന്റെ പ്രധാന ഉദ്ദേശം ഈശ്വരദർശനം. ധ്യാനത്തിൽ ഇരുന്നു് സ്വല്പകാലം എങ്കിലും അനേകകാര്യങ്ങളിൽ വിക്ഷിപ്തമായ മനസ്സ് ഈശ്വരങ്കൽ നിറുത്തുന്നതാണു പ്രധാനകാര്യം. ചെറിയ ജന്തുക്കളുടെ ജീവനെ രക്ഷിക്കാൻ അല്ലല്ലോ താൻ ഭൂമിയിൽ ജനിച്ചതു്. അതുകൊണ്ടു് ധ്യാനത്തിൽ ഇരിക്കുമ്പോൾ വന്നു മുതുകിൽ കടിക്കുന്ന കൊതുകിനെ കൊല്ലണം എന്നും അതുകൊണ്ടു് ദോഷമില്ലെന്നും തോന്നി. നാലഞ്ചു് കൊതുകിനെ കൊന്നാലും മനസ്സ് ഈശ്വരങ്കൽ നിറുത്തുന്നതാണു് പ്രധാനധർമ്മം ഇപ്രകാരം ചിന്തിക്കാൻ തുടങ്ങി. എങ്കിലും ഈ വിഷയത്തിൽ ജനിച്ച സംശയം മുഴുവൻ നശിച്ചില്ല. ദക്ഷിണേശ്വരത്തു് ചെന്നു് ഭഗവാന്റെ അടുക്കൽ കാര്യം ചോദിക്കാം എന്നു തീർച്ചയാക്കി ഒരുദിവസം ദക്ഷിണേശ്വരത്തേക്കു തിരിച്ചു. വഴിയിൽ വച്ചു് ആലോചിക്കാൻ തുടങ്ങി. ഭഗവാൻ ഒരിക്കൽ എങ്കിലും ചെറിയ ജന്തുക്കളെ ഇപ്രകാരം കൊന്നിട്ടുണ്ടോ എന്നു നോക്കിയപ്പോൾ അതും ഒരിക്കലും കണ്ടിട്ടില്ല. ആഴ്ചയിൽ മൂന്നുനാലു തവണ പതിവായി പോകും. കാലത്തും, ഉച്ചയ്ക്കും, വൈകുന്നേരത്തും പോയിട്ടുണ്ടു്. പലപ്പോഴും അർദ്ധരാത്രിവരെ അവിടെ താമസിച്ചിട്ടുണ്ടു്. എങ്കിലും കണ്ടിട്ടില്ല. ഒരിക്കൽ പുല്ലിൽ ഒരാൾ നടക്കുന്നതുകണ്ടു് ഭഗവാന്റെ മനസ്സിൽ വേദന ഉണ്ടായി. ഈ വിഷയത്തെപ്പററി ചോദിച്ചിട്ടേ ആവശ്യം ഇല്ല എന്നു തീർച്ചയാക്കി. എങ്കിലും ഭഗവാനെ കാണാനായി തിരിച്ച സ്ഥിതിക്കു് കണ്ടിട്ടുപോകാം എന്നു് വിചാരിച്ചു് ദക്ഷിണേശ്വരത്തുചെന്നു. ഭഗവാന്റെ മുറിയിൽ പ്രവേശിച്ചമാത്രയിൽ താൻ കണ്ടകാഴ്ച ബലരാമനെ ആശ്ചര്യപ്പെടുത്തി. ഭഗവാൻ തലയണ എടുത്തു് അതിലുള്ള മൂട്ടയെപ്പിടിച്ചു് കൊല്ലുകയായിരുന്നു. നമസ്കരിച്ചമാത്രയിൽ ഭഗവാൻ പറഞ്ഞു "തലയണയിൽ അനേകം മൂട്ട രാവും പകലും കടിച്ചു് ചിത്തവിക്ഷേപം ഉണ്ടാക്കുന്നു. ഉറക്കത്തിനു് വലിയ തടസ്സം. അതുകൊണ്ടു് മൂട്ടകളെ എല്ലാം ഞാൻ കൊല്ലുന്നു." ഇനി ചോദിച്ചിട്ടാവശ്യം ഇല്ലല്ലോ. ഇതിനു് മുമ്പിൽ താൻ നില്ക്കുമ്പോൾ ഭഗവാൻ ഈ പ്രവൃത്തി ചെയ്യാത്തതെന്തു്? കുറേനേരം ആലോചിച്ചപ്പോൾ കാരണം മനസ്സിൽ ഉദിച്ചു. പരമകാരുണികനായ ഭഗവാൻ ഇപ്രകാരം ചെയ്യുന്നതു കണ്ടാൽ എന്റെ ഭാവത്തിനു് നഷ്ടം വന്നു് ഭഗവാനോടു എനിക്കുള്ള ശ്രദ്ധ കുറഞ്ഞുപോകും എന്നു വിചാരിച്ചു ചെയ്യാത്തതാണു് എന്നു് ബലരാമൻ തീർച്ചയാക്കി.

# ശ്രീ ശാണ്ഡില്യകൃത ഭക്തിസൂത്രം.

## സൂത്രം 77.

**തത്സ്ഥാനത്വാദനന്യധർമ്മഃ ഖലേവാലിവത്.**

ഈശ്വരനെ ശരണം പ്രാപിച്ചിട്ടുള്ളവരുടെ സാധനകൾ അത്യല്പമാണെങ്കിലും മററു അനുഷ്ഠാനങ്ങൾ കൂടാതെതന്നെ "ഖലേവാലി" പോലെ മഹാപാതകങ്ങളെയും അവ നശിപ്പിക്കുന്നു.

വ്യാഖ്യാനം. 'ഖലേവാലി' (ധാന്യം മെതിക്കുന്നതിന് കളത്തിലുള്ള കുററി) യാഗത്തിന് യൂപ* മായി ഉപയോഗപ്പെടുത്തുന്നതു പോലെ ഈശ്വരന്റെ നാമകീർത്തനാദികളും പാപനാശകങ്ങളായി വിധിക്കപ്പെട്ടിരിക്കുന്നു. മാത്രമല്ല, ഖലേവാലിയുടെ നാലുവശങ്ങളിലും എത്രയധികം നെൽക്കററകൾ വച്ചിരുന്നാലും അവയെല്ലാം മെതിച്ചു തള്ളുന്നതുപോലെ ഈശ്വരഭക്തൻ എത്ര ചെറിയ സാധനകൾ അനുഷ്ഠിച്ചാലും അവയെ അനന്യബുദ്ധിയായി ചെയ്യുന്നതുകൊണ്ടു അവന്റെ ദിവ്യശക്തിയാൽ പാപരാശി വിശാലമെങ്കിലും ഭസ്മമായിപ്പോകുന്നു. ഭക്തി ഉദിച്ചാൽ പാപപുണ്യങ്ങളുടെ ബന്ധനത്തെ ഭയപ്പെടേണ്ട. ഖലേവാലിയെ യജ്ഞസ്തംഭ (യൂപ) മായി ഉപയോഗിച്ചാലും അതിൽ യൂപത്തിനു വിധിച്ചിട്ടുള്ള ഒരു കർമ്മവും അനുഷ്ഠിക്കേണ്ട ആവശ്യമില്ലാത്തതുപോലെ ഈശ്വരനാമങ്ങളുടെ സ്മരണകീർത്തനങ്ങൾ ചാന്ദ്രായണാദി പ്രായശ്ചിത്തത്തിനു പകരം അവലംബിക്കാമെങ്കിലും പ്രായശ്ചിത്തത്തിലെ മററംഗങ്ങളായ മുണ്ഡനാദികൾ ചെയ്യേണ്ടതില്ല. അതുകൊണ്ട് മററു അനുഷ്ഠാനങ്ങൾ ഒന്നും കൂടാതെ 'ഖലേവാലി' യാഗത്തിൽ യൂപത്തിന്റെ പ്രയോജനം സാധിപ്പിക്കുന്നതു പോലെ പ്രായശ്ചിത്തത്തിനു വിധിച്ചിട്ടുള്ള (പ്രായഃ=തപസ്സ് + ചിത്തം=നിശ്ചയം) ഇതരകർമ്മങ്ങളുടെ അനുഷ്ഠാനം കൂടാതെ ഭഗവന്നാമത്തിന്റെ സ്മരണകീർത്തനാദികൾ പാപങ്ങളെ നശിപ്പിക്കുന്നു.

## സൂത്രം 78.

**ആനിന്ദ്യയോന്യധിക്രിയതേ പാരമ്പര്യാത് സാമാന്യവത്.**

ഭഗവത്ഭക്തിയ്ക്കു നീചജാതികളായ ചണ്ഡാലന്മാർക്കും അധികാരമുണ്ട്. എന്തുകൊണ്ടെന്നാൽ— ഗുരൂപദേശത്തെയും ശാസ്ത്രപര

---

* യാഗപശുവിനെ ബന്ധിക്കുവാനുള്ള സ്തംഭം.

സ്വരാക്രമേണ അഹിംസാദിസാധാരണ (സാമാന്യ) ധർമ്മങ്ങളെയും പോലെ ഭക്തിപാരത്തിന് സകലർക്കും തുല്യാധികാരമുണ്ട്.

വ്യാഖ്യാനം—വ്രതം, തപസ്സ മുതലായവയിൽ സകലർക്കും അധികാരമില്ല. എന്നാൽ, അഹിംസ, സത്യം, അസ്തേയം, ശൌചം, ഇന്ദ്രിയനിഗ്രഹം മുതലായ ധർമ്മങ്ങൾ പരിപാലിക്കുന്നതിന് സ്ത്രീശൂദ്രചണ്ഡാലാദികൾക്കും അധികാരമുണ്ട്. അതുപോലെ ഭക്തിക്ക് എല്ലാവർക്കും അധികാരമുണ്ട്. ഭക്തിമാർഗ്ഗത്തിൽ ജാതിവർണ്ണാദിവിചാരങ്ങളില്ല. ബാലവൃദ്ധാദിവിചാരവുമില്ല. പുണ്യവാനോ പാപിയോ ഭോഗിയോ ത്യാഗിയോ എന്നിവക വിചാരങ്ങളുമില്ല. ഉച്ചനീചശ്രേഷ്ഠനികൃഷ്ടാദി വിചാരവുമില്ല മനുഷ്യനെന്നു മാത്രമല്ല, ഗജം, ഗൃധ്രം, വാനരം മുതലായവയ്ക്കും ഭക്തിക്ക് അധികാരമുണ്ട്. ഭാരതമൊഴിച്ചുള്ള രാജ്യങ്ങളിൽ ഭക്തിമാർഗ്ഗമാണ് സാധാരണയായി കാണുന്നത്. ഭക്തി ജഗജ്ജനനിയെപ്പോലെ സകലജീവികൾക്കും പൂർണ്ണാനന്ദത്തിന് അധികാരം നൽകുന്നു.

## സൂത്രം 79.

**അതോഹ്യവിപക്വഭാവാനാമപിതല്ലോകേ.**

അതുകൊണ്ട് പരഭക്തി പരിപക്വമായില്ലെങ്കിലും ഭഗവല്ലോകത്തിൽ നിവസിക്കാം.

വ്യാഖ്യാനം—യാഗാദികളായ കർമ്മങ്ങളുടെ അനുഷ്ഠാനത്താൽ സ്വർഗ്ഗാദ്യനുഭവമുണ്ടാകും. എന്നാൽ, കർമ്മം അപൂർണ്ണമായാൽ (സമാപ്തമായില്ലെങ്കിൽ) ദോഷവും നേരിടും. ഭക്തിമാർഗ്ഗം അപ്രകാരമല്ല. ഈശ്വരനെപ്രാപിച്ച് അവിച്ഛിന്നമായ ചിദാനന്ദമനുഭവിക്കാൻ ഏകമാർഗ്ഗമായ പരാഭക്തിയിൽ പരിപക്വത സിദ്ധിച്ചില്ലെങ്കിലും സാലോക്യം ലഭിക്കുമെന്നതിൽ സംശയമില്ല. ഭക്തിയുടെ പ്രയോജനമായ ശിഖയാൽ, കർമ്മഫലം, കാമനകൾ മുതലായ തൃണരാശി ഭസ്മീഭവിക്കുന്നു. അതുകൊണ്ട് ഭഗവല്ലോകമല്ലാതെ മറ്റൊരുലോകവും ഭക്തവാസത്തിന് ഉപയുക്തമല്ല.

## സൂത്രം 80.

**ക്രമൈകഗത്യുപപത്തേസ്തു.**

ക്രമാനുസൃതമായഗതിലാഭം (കർമ്മംകൊണ്ടുതന്നെ) സിദ്ധിക്കുന്നു.

വ്യാഖ്യാനം—ഭക്തിയുടെ അപക്വാവസ്ഥയിൽ വിവിധസൽക്കർമ്മങ്ങളുടെ അനുഷ്ഠാനത്താൽ ഈശ്വരസ്വരൂപം (അദ്വൈതഭാവ

സ്ഥ അഥവാപരാഭക്തി) ലഭിക്കണമെങ്കിൽ അനേകജന്മങ്ങൾ വേണ്ടിവരും. എന്തുകൊണ്ടെന്നാൽ - "അനേകജന്മസംസിദ്ധസ്തതോ യാതി പരാംഗതിം" (ഗീത-6-45) അനേകജന്മം പുണ്യംചെയ്തു ജീവികളുടെ പാപവാസന നശിക്കുന്നു. പിന്നീട് ബ്രഹ്മസാക്ഷാൽക്കാരത്തിനു വേണ്ട (ആവശ്യമുള്ള) വിമലമായ ബുദ്ധി ഉദിക്കുന്നു. ഇപ്രകാരം ക്രമേണ സാധനയുടെ പരിപാകാവസ്ഥയിൽ മുക്തി ലഭിക്കുന്നു. നിർമ്മലമായ ഭക്തി ഉണ്ടായാൽ ജീവികൾ പെട്ടന്നു തന്നെ പവിത്രവും ആനന്ദമയവുമായ ഈശ്വരസത്തയോടുകൂടി ചേരുന്നു.

## സൂത്രം 81.

### ഉൽക്രാന്തിസ്മൃതിവാക്യശേഷാച്ച.

എന്തുകൊണ്ടെന്നാൽ ഭഗവാൻ പറയുന്നു, എന്റെ ഭക്തന്മാർ സകലക്രമങ്ങളെയും അതിക്രമിച്ച് പൂർണ്ണസിദ്ധി പ്രാപിക്കുന്നു.

വ്യാഖ്യാനം - ഭഗവാൻ ഗീതയിൽ "സർവ്വധർമ്മാൻപരിത്യജ്യ" ഇത്യാദിവാക്യത്തിൽ (18-66) സകലവിധമായ ധർമ്മകർമ്മങ്ങളേയും ഉപേക്ഷിച്ച് തന്നേ ശരണം പ്രാപിക്കാൻ ഉപദേശിക്കുന്നു. വീണ്ടും ഒൻപതാം അദ്ധ്യായത്തിൽ ഇങ്ങിനെയും പറഞ്ഞിരിക്കുന്നു.

അപിചേൽസുദുരാചാരോ
ഭജതേമാമനന്യഭാക്
സാധുരേവസമന്തവ്യഃ
സമ്യഗ്വ്യവസിതോഹിസഃ 30

ക്ഷിപ്രംഭവതിധർമ്മാത്മാ
ശശ്വച്ഛാന്തിംനിഗച്ഛതി
കൌന്തേയ! പ്രതിജാനീഹി
നമേ ഭക്തഃ പ്രണശ്യതി. 31

ഹേ! കൌന്തേയ! അനന്യചിത്തനായി ഭക്തിപൂർവം എന്നേ ആരാധിക്കുന്നവൻ അത്യന്തം ദുരാചാരതല്പരനായാലും അവനെ സാധു (നല്ലവൻ) എന്നു അറിയണം. ദുരാചാരതനും എന്നേഭജിച്ചാൽ അചിരേണ ധർമ്മപരായണനായി ശാന്തിയേ പ്രാപിക്കും. ഭഗവൽഭക്തൻ സദാചാരപരനോ ദുരാചാരരതനോ ആയാലും അവനു നാശമില്ല. അവനു നിശ്ചയമായും മംഗളം ഭവിക്കും. യാതൊരു സംശയവുമില്ല.

# ഒരു ശിഷ്യന്റെ ഡയറി.

1913 മെ മാസത്തിന്റെ മദ്ധ്യം.

രാവിലത്തെ ധ്യാനം കഴിഞ്ഞു്, ശ്രീമദ് ബ്രഹ്മാനന്ദസ്വാമികൾ ബേലൂർ മഠത്തിൽ തന്റെ മുറിയിൽ ഇരിക്കുന്നു. ചില സന്ന്യാസിമാരും ശിഷ്യരും അദ്ദേഹത്തിന്റെ മുൻപിൽ തറയിൽ ആസനസ്ഥരാകുന്നു. അപ്പോൾ സ്വാമികൾ പറയുന്നു, "നിങ്ങൾക്കറിയേണ്ട എന്തെങ്കിലും കാര്യം ചോദിക്കുക."

ശിഷ്യൻ:—മഹാരാജ്! ഭഗവാങ്കൽ ഭക്തിയുണ്ടാവുന്നതെങ്ങിനെ?

സ്വാമികൾ:—ഭക്തന്മാരുടെ സംഗംനിമിത്തം നിങ്ങൾ ഭക്തന്മാരുടെ രീതികളെ നിരീക്ഷിച്ചു് അവ അനുസരിച്ചു ജീവിതം നയിക്കണം. അവരോട് ചോദ്യങ്ങൾ ചോദിച്ചു സംശയനിവൃത്തിവരുത്തണം. അവർ സ്വന്തമനസ്സാലെ പറയുന്നതു കേട്ടുകൊണ്ടിരുന്നാൽ മാത്രം പോരാ. ബ്രഹ്മചര്യവും സാധനയും തീവ്രമായനുഷ്ഠിക്കണം. അല്ലെങ്കിൽ, ആത്മീകോപദേശങ്ങൾ ഫലപ്രദങ്ങളാകയില്ല. ശാസ്ത്രങ്ങൾ വായിക്കുന്നതുകൊണ്ടുമാത്രം അവയുടെ ശരിയായ അർത്ഥം നിങ്ങൾക്ക് ഗ്രഹിക്കാൻ സാധിക്കുന്നതല്ല. ശ്രീരാമകൃഷ്ണകഥാമൃത (തിരുവായ്മൊഴി) വും അതുപോലെയുള്ള മററുപുസ്തകങ്ങളും വായിച്ചു അവയുടെ അർത്ഥം മനസ്സിലാക്കാൻ ശ്രമിക്കണം. കൂടുതൽ കൂടുതൽ പ്രാവശ്യം വായിക്കുന്നതുകൊണ്ടു്, അവയിൽ പുതിയ പുതിയ അർത്ഥം കാണുവാൻ സാധിക്കും. അന്യന്മാരിൽനിന്നു് ഈശ്വരനെപ്പററി കേൾക്കുന്നതുകൊണ്ടു്, സാധകന്നു് ഒരു വിധത്തിൽ മനസ്സിലാകുന്നു. സാധനചെയ്യുന്നതുകൊണ്ടു മറെറാരുവിധത്തിൽ മനസ്സിലാകുന്നു. എന്നാൽ, ഈശ്വരസാക്ഷാൽക്കാരംകൊണ്ടു് ലഭിക്കുന്ന ജ്ഞാനം, ഇവരണ്ടിൽനിന്നും വ്യത്യസ്തമാണു്. "ബോട്ടിനു് നംകൂരമിട്ടിട്ടുണ്ടെങ്കിൽ പിന്നെ, തണ്ടുവലിക്കുന്നതുകൊണ്ടു് പ്രയോജനമെന്തു്?" എന്നു് നാഗമഹാശയൻ ചോദിക്കാറുണ്ടായിരുന്നു. ഭഗവദ്ദർശനത്തിന്നു് ശ്രമിക്കുന്നില്ലെങ്കിൽ, ഈ ദുർലഭമായ മനുഷ്യജന്മം നിഷ്പ്രയോജനംതന്നെ. മനുഷ്യത്വവും മുമുക്ഷുത്വവും മഹാപുരുഷസംഗവും മഹാഭാഗ്യവാന്മാർക്കേ ലഭിക്കയുള്ളൂ എന്നു് ശ്രീശങ്കരൻ പറഞ്ഞിട്ടുണ്ടു്. 'കീർത്തിസമ്പാദിക്കാൻ വളരെ എളുപ്പം. എന്നാൽ ഉപേക്ഷിക്കാൻ വളരെ പ്രയാസം. അതുപേക്ഷിക്കാൻ കഴിയുന്നവനാണു് ഒരു യഥാർത്ഥസാധു' എന്നു് നാഗമഹാശയൻ പറഞ്ഞിരിക്കുന്നു.

ഒരു ഭക്തൻ:—കാമത്തെ ജയിക്കുന്നതെങ്ങിനെ?

സ്വാമികൾ:—ഭഗവാന്റെ നാമം ജപിക്കുകയും അദ്ദേഹത്തെ ധ്യാനിക്കയും ചെയ്യുന്നതുകൊണ്ടുതന്നെ. നിനക്കു മനസ്സിലായോ?

ഭക്തൻ:—പക്ഷെ, എനിക്ക് ഒരു വിധത്തിലും അതിനെ ജയിക്കാൻ സാധിച്ചിട്ടില്ല.

സ്വാമികൾ:—എന്നാൽ വിവാഹം ചെയ്യുക. എപ്പോഴും മനനംചെയ്യുക. മററുള്ളവക്ക് പല കാൎയ്യങ്ങളും ചെയ്വാൻ കഴിയുന്നു. പിന്നെ നിനക്കെന്തുകൊണ്ടു കഴിയുന്നില്ല? നി സാധിക്കണം. ഇഷ്ടമുള്ള രീതിയിലെല്ലാം ഭഗവാനെ വിളിക്കുക. ധ്യാനിക്കുക. അദ്ദേഹത്തിന്റെ നാമം ഉരുക്കഴിക്കുക. സ്തോത്രങ്ങൾപാടുക. സംശയിക്കരുതു്. ആത്മവിശ്വാസം വിട്ടുകളയരുതു്.

ശിഷ്യൻ:—വിജനസ്ഥലത്തോ ആരുംവരാത്ത ഏതെങ്കിലും മുറിയിലോ ചെന്നിരുന്നു് ഭഗവാനെ വിളിച്ചു നിലവിളിക്കുക എന്നു് ഗുരുദേവൻ പറഞ്ഞിട്ടുണ്ടല്ലോ. ഏതിനാണ് ഞങ്ങൾ പ്രാധാന്യം കല്പിക്കേണ്ടതു്? ഭക്തസംഗത്തിനോ ഏകാന്തവാസത്തിനോ?

സ്വാമികൾ:—ഏകാന്തസ്ഥലത്തിരുന്നു് ധ്യാനിച്ചാൽ മനസ്സ് എളുപ്പത്തിൽ അന്തൎമ്മുഖമാകും. അന്യചിന്തകൾ വന്നു് മനസ്സിനെ അത്രഎളുപ്പം ബാധിക്കുകയില്ല. എന്നാൽ നിങ്ങളെപ്പോഴും കഴിയുന്നിടത്തെല്ലാം ഭക്തന്മാരോടുകൂടി സംസൎഗ്ഗംചെയ്യണം. കുറച്ചു് മുന്നോട്ടു കയറാതെ നിങ്ങൾക്കൊരിക്കലും വെറും ഏകാന്തത്തിൽ ജീവിക്കാൻ സാധിക്കയില്ല. പാകമാകുന്നതിനുമുമ്പു് വെറും ഏകാന്തത്തിൽ വസിക്കാൻ ശ്രമിച്ചതുകൊണ്ടു് അനേകംപേർ ഭ്രാന്തന്മാരായി പോയിട്ടുണ്ടു്. അന്നൊരിക്കൽ ഞാൻ പറഞ്ഞതുപോലെ സമാധിയിൽ ഈശ്വരനിൽ മനസ്സ് പൂൎണ്ണമായി ലയിക്കുന്നതുവരെ, ഒരുവന്നു് വെറും ഏകാന്തത്തിലിരിക്കാൻ സാധ്യമല്ല. സാധുസംഗംകൊണ്ടുള്ള ഒരുഗുണം നിങ്ങൾക്ക് അവരുടെ സ്വഭാവഗുണത്തെ നിരീക്ഷിച്ചു് മനസ്സിലാക്കാൻ സാധിക്കുമെന്നുള്ളതാണ്. അവരുടെ ഗുണങ്ങൾ നിരീക്ഷിച്ചാലുണ്ടാകുന്നതുപോലെയുള്ള ഫലം പുസ്തകങ്ങൾ വായിക്കുന്നതുകൊണ്ടു് നിങ്ങൾക്കു് ലഭിക്കുകയില്ല. അധരചന്ദ്രസേനൻ (ശ്രീരാമകൃഷ്ണദേവന്റെഒരു ശിഷ്യൻ) പലപ്പോഴും ഒരു പള്ളിക്കൂടംസബ് ഇൻസ്പെക്ടരൊരുമിച്ചു് ഗുരുദേവനെ കാണ്മാൻവരുക പതിവായിരുന്നു. ആ ഇൻസ്പെക്ടർക്ക് കൂടെക്കൂടെ ഒരുതരം ആവേശമുണ്ടാകാറുണ്ടായിരുന്നു. ഒരു ദിവസം അവർ വന്നു സ്വല്പം കഴിഞ്ഞപ്പോൾ ഭഗവാൻ സമാധിസ്ഥനായിത്തീൎന്നു. അദ്ദേഹത്തിന്റെ മുഖംഅപ്പോൾഉള്ളി

ലുള്ള ആനന്ദത്തെ അടക്കുവാൻ സാധിക്കാത്തതുകൊണ്ടെന്നു് തോന്നിക്കുമാറുള്ള ഒരു ദിവ്യമന്ദഹാസത്താൽ ഉജ്ജ്വലമായി. ഇതു കണ്ടു്, അധരബാബു തന്റെ കൂട്ടുകാരനോടു് "നിങ്ങളുടെ ആവേശം കണ്ടിട്ടു് എനിക്കു് വളരെ മുഷിച്ചിലാണുണ്ടാകാറുള്ളതു്. ഉള്ളിൽ നിങ്ങൾ ആ സമയത്തു് അസഹ്യമായ വേദന അനുഭവിക്കുന്നതുപോലെയാണു് കണ്ടാൽ തോന്നുന്നതു്. ഈശ്വരാനന്ദം വേദനയ്ക്കു് കാരണമാകുമോ? ഇന്നിതാ ഗുരുദേവന്റെ ആനന്ദപൂർണ്ണമായ ഈ ഭാവാവേശം എന്റെ കണ്ണുകൾ തുറപ്പിച്ചിരിക്കുന്നു. ഇദ്ദേഹത്തിന്റെ ആവേശവും നിങ്ങളുടേതുപോലെ ആയിരുന്നുവെങ്കിൽ ഇവിടെ വരാൻ എനിക്കു് ഒട്ടും ഇഷ്ടം തോന്നുകയില്ലായിരുന്നു" എന്നു പറഞ്ഞു.

ഒരാൾ ഒരിക്കൽ ത്രൈലിംഗസ്വാമിയെ കാണാൻ പോയി. മടങ്ങിവരുമ്പോൾ അയാൾ വിചാരിച്ചു, 'സ്വാമികൾ ഒന്നും സംസാരിക്കാത്തതുകൊണ്ടു് അദ്ദേഹത്തിന്റെ അടുക്കൽ പോയതു് വ്യർത്ഥമാണു്' എന്നു്. ഏതായാലും അയാൾ അദ്ദേഹത്തിനെ പിന്നീടുമൊരിക്കൽ ചെന്നു കണ്ടു് അടുത്തിരുന്നു. സ്വാമികൾ എത്രയും ദയനീയമായ വിധത്തിൽ പെട്ടന്നു കരയാൻതുടങ്ങി. പിന്നിട്ടു്, സഹസാ ആനന്ദപൂർണ്ണനായിട്ടു പൊട്ടിച്ചിരിക്കുവാനും ഭാവിച്ചു. ഇതുകണ്ടു് അയാൾ വിചാരിച്ചു. ഓ! ഞാനിന്നു പഠിച്ചസംഗതി ആയിരം പുസ്തകങ്ങൾ വായിച്ചാലും എനിക്കു് ഗ്രഹിക്കാൻ കഴിയുന്നതല്ല. ഈ സ്വാമി കരഞ്ഞപ്പൊഴെപോലെയുള്ള അവിശ്രാന്തി ഉണ്ടാകുമ്പോൾ എനിക്കു് ഈശ്വരനെ കാണാൻ കഴിയും. ഭഗവാൻ അദ്ദേഹത്തിന്റെ കൃപ എന്നിൽ ചൊരിയുമ്പോൾ, സ്വാമികൾ ചിരിച്ചപ്പോളനുഭവിച്ചതുപോലെയുള്ള ആനന്ദം എനിക്കു് അനുഭവമാവുകയുംചെയ്യും.

ഒരു ഭക്തൻ:—ധൃതി കൂട്ടിയതുകൊണ്ടു് പ്രയോജനമൊന്നുമില്ലെന്നും ശരിയായ സമയം വരുന്നതുവരെ ഒരുവൻ കാത്തിരിക്കുകതന്നെ വേണമെന്നും അങ്ങു് അന്നൊരുദിവസം പറയുകയുണ്ടായല്ലോ. അപ്പോൾ ഞങ്ങൾ ഈശ്വരലാഭത്തിനുള്ള ഔത്സുക്യം ഉപേക്ഷിക്കുകയാണോ വേണ്ടതു്?

സ്വാമികൾ:—അങ്ങനെ ഞാൻ വേറേവല്ലതിനേയും പററി ലക്ഷ്യമാക്കി പറഞ്ഞിരിക്കാം. 'ധൃതികൂട്ടുക' എന്നതുകൊണ്ടു് ഞാനുദ്ദേശിച്ചതു് കരയുകയും മററും ചെയ്തു് അവിശ്രാന്തിയെ താൽക്കാലികമായി വെളിയിൽ പ്രകടിപ്പിച്ചു് ലഹളകൂട്ടുന്നതിനെ ഉദ്ദേശിച്ചാണു്. അതെല്ലാം കുറെദിവസമേ നിൽക്കുകയുള്ളു. പിന്നീടു് ആ മനുഷ്യൻ നിരാശയിലും ആലസ്യത്തിലും നിമഗ്നനായി ഈശ്വരാന്വേഷണം തന്നെ ഉപേക്ഷിച്ചുകളയുന്നു. ഉദാഹ

രണത്തിന്ന് ജി—യുടെ കഥനോക്കുക. കുറച്ചുകാലത്ത് അയാൾ കഠിനസാധനശീലിച്ചിരുന്നു. എന്നാൽ ഇപ്പോൾ അയാൾ സംസ്കൃതവ്യാകരണവും മററും പഠിച്ച് ഒരു പണ്ഡിതനാകുന്നതിനാണ് ആലോചിക്കുന്നത്. പക്ഷെ അയാളുടെ വിചാരം പാണ്ഡിത്യദ്യോതകങ്ങളായ വർത്തമാനങ്ങൾ പറഞ്ഞു് കീർത്തിസമ്പാദിക്കുന്നതിനായിരിക്കാം.

ശിഷ്യൻ:—പലസ്ഥലത്തു് കുഴിച്ചാൽ നമുക്ക് കിണറുണ്ടായി വെള്ളം ലഭിക്കുകയില്ല, എന്നു ഭഗവാൻ പറഞ്ഞിട്ടുള്ളതു വളരെ ശരിയാണ്.

സ്വാമികൾ:—അതെ, അതങ്ങനെ തന്നെ. മുറുകെ പിടിക്കണം: ഈശ്വരപ്രേമംകൊണ്ടാണ് വാസ്തവത്തിൽ അവിശ്രാന്തി ഉണ്ടാകുന്നതെങ്കിൽ അദ്ദേഹത്തിന്റെ സാക്ഷാത് കാരം ലഭിച്ചില്ലെങ്കിലും ഒരുവന്നു് അദ്ദേഹത്തെ വിടാൻ സാധിക്കുകയില്ല. അനേകലക്ഷം ജന്മത്തേക്ക് ഈശ്വരനെ കണ്ടില്ലെന്നുവന്നാൽ കൂടിയും അയാൾ അദ്ദേഹത്തെ വിളിച്ചു കരഞ്ഞുകൊണ്ടിരിക്കും. കുണ്ഡലിനിയുടെ സ്വല്പമായ ഉണർച്ച ആപത്കരമാണ്. എന്നു് സ്വാമിജി പറഞ്ഞിട്ടുണ്ട്. കുണ്ഡലിനി ഉച്ചഭൂമികകളിൽ എത്തിയില്ലെങ്കിൽ കാമക്രോധാദി വികാരങ്ങൾ വളരെ ശക്തിയോടുകൂടി പ്രവർത്തിക്കും. അതുകൊണ്ടാണ് കാന്തഭാവത്തിലും സഖ്യഭാവത്തിലുമുള്ള വൈഷ്ണവസാധനകൾ ആപൽകരമാണെന്നു പറയുന്നതു്. ശ്രീകൃഷ്ണനും രാധയും തമ്മിലുള്ള പ്രേമികബന്ധത്തെപ്പററി ഇടവിടാതെ ധ്യാനിക്കുന്നതുകൊണ്ടു് അവർക്ക് കാമത്തെ ജയിക്കാൻ സാധിക്കുന്നില്ല. അതുനിമിത്തം അവർ അധഃപതിക്കുന്നു. ഈ സാധന വളരെക്കാലം അനുഷ്ഠിച്ചിട്ടു് ഒടുവിൽ ഒരു ചീത്ത പെണ്ണിനെ വിവാഹം ചെയ്ത ഒരുവനെ ഞാനറിയും. അതുകൊണ്ടു് സാധനയുടെ ആരംഭദശകളിൽ ശ്രീകൃഷ്ണനും ഗോപിമാരും തമ്മിലുള്ള പ്രേമബന്ധത്തെപ്പററി പറയുന്ന ഗ്രന്ഥങ്ങളെ സാധകൻ വായിക്കരുത്.

ധ്യാനിക്കുന്നതു് അത്ര എളുപ്പമാണോ? സ്വല്പം കൂടുതൽ ഭക്ഷണം കഴിച്ചാൽ അന്നു നിങ്ങൾക്ക് മനസ്സിനെ ഏകാഗ്രമാക്കുവാൻ സാധിക്കുന്നതല്ല. കാമം, ക്രോധം മുതലായ വികാരങ്ങളെ എല്ലാം അടക്കിനിർത്തുവാൻ സാധിക്കുമെങ്കിലെ ധ്യാനിക്കുവാനും നിങ്ങൾക്കു സാധിക്കു. അവയിലേതെങ്കിലുമൊന്നു ബലമായി പ്രവർത്തിക്കാൻ തുടങ്ങിയാൽ ധ്യാനം സാധ്യമല്ല. രണ്ടു കാശിന്നു് ചാണക വരളി വാങ്ങി കത്തിച്ചു അതിനകത്തു കയറി ഇരിക്കാൻ * എളുപ്പമാണ്. എ

* ഇതു് പഞ്ചാഗ്നി മദ്ധ്യതപസ്സിനെ ഉദ്ദേശിച്ചു പറഞ്ഞിട്ടുള്ളതാണ്.

ന്നാൽ വാസ്തവമായ തപസ്യ എന്നതു വികാരങ്ങളെ സംയമനം ചെയ്തു പുറത്തു ചാടാതെ നിറുത്തുന്നതാണ്. ഇതാണ് വാസ്തവത്തിൽ ഉൽകൃഷ്ടതപസ്യ. ഇടയ്ക്കു വല്ലപ്പോഴും ചിത്തവിചാരങ്ങൾ മനസ്സിൽ തള്ളിക്കയറുന്നതുകൊണ്ട് നിരാശനാകരുത്. വീണ്ടും ത്താട്കൂടി അവയെ അടിച്ചു ദൂരെകളയുക.

(തുടരും)

# പുസ്തകാഭിപ്രായം.

ജ്യോതിഃപ്രകാശിക. (ഗ്രന്ഥകർത്താ. ഡാക്ടർ എസ്സ്. പരമേശ്വരൻപിള്ള എം. ബി. വില ക ൧. ഈ പുസ്തകം ഹരിപ്പാട്ട് ഹോമിയോപ്പതി ആശുപത്രിയിൽ നിന്നും വില്പനയ്ക്കു കിട്ടുന്നതാണ്.)

ഈ ലോകത്തിൽ സുഖാസുഖപ്രദന്മാരായ ഉപകാരാപകാരികളെ സൃഷ്ടിക്കുന്നതു് അവരവരുടെ കർമ്മങ്ങളാണ്. ജന്മപ്രഭൃതി അനുഭവിച്ചുകൊണ്ടിരിക്കുന്ന സുഖദുഃഖങ്ങൾ പൂർവ്വകർമ്മഫലങ്ങളായിരിക്കാം. തദനുഭവങ്ങളെ കണ്ടുപിടിക്കാനുള്ള ചിലമാർഗ്ഗങ്ങൾ പൂർവ്വാചാര്യന്മാർ തെളിച്ചിട്ടുണ്ട്. ആ വചനങ്ങൾ സംസ്കൃതത്തിലാകയാൽ തദനഭിജ്ഞന്മാൎക്ക് ദുർഗ്രഹങ്ങളായതുകൊണ്ട് ആ വിഷയങ്ങളിൽ ചില ഭാഗങ്ങൾ മലയാളികൾക്ക് സുഗ്രഹമായ രീതിയിൽ എഴുതിയിട്ടുള്ള ഒരു പുസ്തകമാണ് ജ്യോതിഃപ്രകാശിക. കാലദീപം, പരപ്പേറ്, പ്രശ്നരീതി, മുതലായ ഭാഷാഗ്രന്ഥങ്ങൾ പദ്യത്തിലാകയാൽ അർത്ഥവിവരണം കൂടാതെ മനസ്സിലാക്കാൻ പ്രയാസമുണ്ട്. ഇതു് ഗദ്യമാകയാൽ എല്ലാവൎക്കും ഒരുപോലെ ഉപകരിക്കുന്നതാണ്. ഗ്രന്ഥകർത്താവിന്റെ ഈ ഉദ്യമം തുടർന്നു കാണ്മാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

# ജന്മതിഥികൾ.

മകരം ൮-ാംനു കൃഷ്ണസപ്തമി, ശ്രീമത് വിവേകാനന്ദസ്വാമികളുടെ ജന്മതിഥി. മകരം ൧൮-ാംനു ശുക്ലപക്ഷദ്വിതീയ, ശ്രീമത് ബ്രഹ്മാനന്ദസ്വാമികളുടെ ജന്മതിഥി.